# പുതിയനിയമ
# പഠനസഹായി

**റ്റി. കെ. ഏബ്രഹാം**

**ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
**ന്യൂ ടെസ്റ്റമെന്റ് കമന്ററി**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ക്രിസ്തീയ സഭയുടെ ആരംഭവും വളർച്ചയും വിവരിക്കുന്ന പുസ്തകമാണ് അപ്പൊസ്തല പ്രവൃത്തികൾ. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ഈ പുസ്തകം. കൂടാതെ സുവിശേഷങ്ങളെയും ലേഖനങ്ങളെയും ബന്ധിപ്പിക്കുന്നതും പ്രവൃത്തികളുടെ പുസ്തകം ആകുന്നു. ക്രിസ്തുവിന്റെ ശിഷ്യനായ ലൂക്കൊസാണ് എഴുത്തുകാരൻ. പൗലൊസപ്പൊസ്തലന്റെ സഹയാത്രികൻ, സഹപ്രവർത്തകൻ, സൂക്ഷ്മ ചരിത്രകാരൻ, മെഡിക്കൽ ഡോക്ടർ എന്നീ യോഗ്യത കൾ ലൂക്കൊസിനുണ്ടായിരുന്നു. തെയോഫിലൊസിനാണ് ഈ ചരിത്രം എഴുതിയത്. സഭയുടെ വളർച്ചയാണ് ഇതിലെ കേന്ദ്രവിഷയം. സുവിശേഷം ലോകവ്യാപകമായി പ്രചരിക്കുന്ന ചരിത്രം ഇതിൽ കാണാം. പരിശുദ്ധാത്മ ശക്തി ലഭിച്ച ശിഷ്യന്മാർ ക്രിസ്തു നൽകിയ വലിയ നിയോഗം അനുസരിച്ചു. അങ്ങനെ സുവിശേഷം ആദ്യം യെരൂശലേമിലും പിന്നെ യെഹൂദ്യയിലും ശമര്യയിലും ഭൂലോകമൊക്കെയും ഘോഷിക്കപ്പെടുന്നതായി കാണാം. 1 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ പത്രൊസാണ് പ്രധാന വ്യക്തി. 13 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങൾ പൗലൊസിനോടു ബന്ധമുള്ളതാണ്. ലൂക്കൊസ് സുവിശേഷത്തിന്റെ തുടർച്ചയായ ചരിത്രവിവരണമായി ഇതിനെ കരുതുന്നു. ക്രിസ്തുവിന്റെ മാർമ്മിക ശരീരമായ സഭയിൽക്കൂടി പരിശുദ്ധാത്മാവു ചെയ്യുന്ന ശുശ്രൂഷയുടെ വിവരണം ഇവിടെ കാണാം. സഭയുടെ ആരംഭം, വളർച്ച, വിശ്വാസത്തിന്റെ ശക്തി, ലോകസുവിശേഷീകരണം എന്നീ വിഷയങ്ങൾ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സഭ വളരെ തെറ്റിദ്ധാരണകൾക്കു കാരണമായിരിക്കുന്നതിനാൽ ഈ പുസ്തക പഠനം ഒഴിച്ചുകൂടാത്തതാകുന്നു.

### വിഷയ വിഭജനം

1. സഭയുടെ ജനനം. 1:1-3:26.
2. സഭയുടെ ഉപദ്രവവും വളർച്ചയും. 4:1-9:31.
3. പത്രൊസും ജാതികളുടെ മദ്ധ്യേയുള്ള പ്രവർത്തനവും. 9:32-12:25.
4. പൗലൊസിന്റെ ആദ്യത്തെ മിഷനറിയാത്ര. 15:35-18:22.
5. പൗലൊസിന്റെ രണ്ടാമത്തെ മിഷനറിയാത്ര. 18:23-21:14.
6. പൗലൊസിന്റെ റോമിലേക്കുള്ള യാത്ര. 21:15-28:30.

### അദ്ധ്യായം 1

(1:1-14) ഉയിർത്തെഴുന്നേറ്റ ക്രിസ്തു നാല്പതു ദിവസം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുകയും പുനരുത്ഥാനത്തിന്റെ അനിഷേദ്ധ്യ തെളിവുകൾ നൽകുകയും ചെയ്തു. അവരോടു പരിശുദ്ധാത്മാവിനായി കാത്തിരിക്കണം എന്ന് ഓർമ്മിപ്പിച്ചു; കർത്താവ് ഇതു മാളികമുറിയിലെ പ്രഭാഷണത്തിൽ മുന്നറിവു നല്കിയിരിക്കുന്നു. ശിഷ്യന്മാർക്കു യിസ്രായേലിനെ യഥാസ്ഥാന പ്പെടുത്തുന്നത് അറിയുവാൻ ജിജ്ഞാസ ഉണ്ടായിരുന്നു. സമയങ്ങളെക്കുറിച്ച് അറിയുന്നതിൽ ഉപരി പരിശുദ്ധാത്മശക്തി പ്രാപിക്കുന്നതും ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നതും പ്രാധാന്യം ഉള്ളതാണെന്നും കർത്താവ് അവരെ ഓർമ്മിപ്പിച്ചു. ക്രിസ്തു പിതാവിന്റെ സ്നേഹത്തിന്റെ സാക്ഷി ആകുവാൻ വന്നു. നമുക്കും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സന്ദേശം അറിയിക്കുവാൻ പരിശുദ്ധാത്മശക്തി ആവശ്യമാകുന്നു. അതിനുശേഷം കർത്താവു സ്വർഗ്ഗാരോഹണം ചെയ്തു. അതു കണ്ട ശിഷ്യന്മാർക്ക് അവന്റെ രണ്ടാം പ്രത്യക്ഷതയെക്കുറിച്ചുള്ള വാഗ്ദാനം ലഭിച്ചു. അവർ മാളികമുറിയിലേക്കു പോയി. അവിടെ അവർ ഒരുമനപ്പെട്ട് പ്രാർത്ഥിക്കുകയും പരിശുദ്ധാത്മാവിനായി കാത്തിരിക്കുകയും ചെയ്തു.

(1:15-26) മത്ഥിയാസിനെ അപ്പൊസ്തലനായി ചീട്ടിട്ട് എടുത്തു. യൂദാ ഇസ്കര്യോത്താവിന്റെ അന്ത്യം ഒരു പ്രവചനനിവൃത്തിയായിരുന്നു എന്നു പത്രൊസ് മനസ്സിലാക്കി (സങ്കീ. 41:9, യോഹ. 13:18). അവനു പകരം മറ്റൊരു അപ്പൊസ്തലനെ തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. അവൻ കർത്താവിനോടുകൂടെ ഉണ്ടായിരുന്നവനും ഉയിർത്തെഴുന്നേല്പിനു ദൃക്സാക്ഷിയും ആയിരിക്കണം. അങ്ങനെ മത്ഥിയാസിനു ചീട്ടു വീണു. ചീട്ടിട്ടു തിരഞ്ഞെടുക്കുന്നത് ഒരു എബ്രായ പരിചയം ആയിരുന്നു. മത്ഥിയാസിനെ അപ്പൊസ്തലനായി അംഗീകരിച്ചു.

### അദ്ധ്യായം 2

(2:1-13) വിശ്വാസികളിൽ പരിശുദ്ധാത്മാവു വരുന്നതും അവർ ശക്തി ലഭിച്ചിട്ടു ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നതും ഈ അദ്ധ്യായത്തിൽ കാണാം. പത്രൊസിന്റെ പ്രസംഗം കേട്ട മൂവായിരം പേർ വിശ്വസിക്കുകയും സ്നാനം ഏറ്റ് ഒരുമിച്ചു കൂടിവരികയും ചെയ്തു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം പഠിക്കുകയും, അന്യോന്യം കൂട്ടായ്മ ആചരിക്കുകയും, അപ്പം നുറുക്കി കർത്താവിന്റെ മരണത്തെ ഓർക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തുപോന്നു.

പെന്തക്കൊസ്തു യെഹൂദന്മാരുടെ മൂന്നാമത്തെ വലിയ പെരുന്നാൾ ആണ് (ലേവ്യ 23). ഇതിനെ

കൊയ്ത്തുപെരുന്നാൾ എന്നും വിളിക്കുന്നു. പെസഹാപെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസമാണ് ഇത് കൊണ്ടാടിയിരുന്നത്. ക്രിസ്തു ഉയിർത്തെഴുന്നേറ്റതിന്റെ അമ്പതാം ദിവസമാണ് പുതിയനിയമ പെന്തക്കൊസ്തു സംഭവിച്ചത്. പഴയനിയമ പെന്തക്കൊ സ്തിൽ മൂവായിരം പേർ കൊല്ലപ്പെട്ടു. പുതിയനിയമ പെന്തക്കൊസ്തിൽ മൂവായിരം പേർ രക്ഷിക്കപ്പെട്ടു.

കർത്താവു സ്വർഗ്ഗാരോഹണം ചെയ്തതിന്റെ പത്താം ദിവസമാണ് ശിഷ്യന്മാർക്കു പെന്തക്കൊസ്തിന്റെ അനുഭവം ഉണ്ടായത്. അവർ ഒരുമന പ്പെട്ടു കൂടിയിരുന്നിടത്തു പിതാവു വാഗ്ദത്തം ചെയ്തിരുന്ന പരിശുദ്ധാത്മാവു വന്നു. അഗ്നിപോലെയുള്ള നാവ് പ്രകാശത്തേയും കൊടിയ കാറ്റ് ശക്തിയേയും കാണിക്കുന്നു. അങ്ങനെ നൽകിയ അടയാളം ശിഷ്യന്മാരുടെ വിശ്വാസം വർദ്ധിക്കുവാൻ മുഖാന്തരമായി. ശിഷ്യന്മാർ അന്യഭാഷയിൽ സംസാരിച്ചു. ഏകദേശം 15 രാജ്യങ്ങളിൽനിന്നു കടന്നുവന്ന വ്യത്യസ്ത ഭാഷ കൾ സംസാരിക്കുന്ന യെഹൂദന്മാർ ഇതു കണ്ട് ആശ്ചര്യപ്പെട്ടു. 'നാം ഓരോരുത്തൻ ജനിച്ച നമ്മുടെ ഭാഷയിൽ ഈ ഗലീലക്കാർ എങ്ങനെ സംസാരിക്കുന്നു' എന്ന് അവർ പറഞ്ഞു. അവർ ദൈവത്തിന്റെ വൻ കാര്യങ്ങൾ പ്രസ്താവിച്ചതു മറ്റുള്ളവർക്കു മനസ്സിലായി. ചിലർ പുതുവീഞ്ഞു കുടിച്ച് ശിഷ്യന്മാർ സംസാരിക്കുന്നു എന്നു പരിഹസിച്ചു പറഞ്ഞു. പെന്തക്കൊ സ്തിലെ അത്ഭുതങ്ങൾ ചിലരെ അത്ഭുതപ്പെടുന്നവരും മറ്റു ചിലരെ പരിഹ സിക്കുന്നവരും ആക്കി. എന്നാൽ പത്രൊസ് പരിശുദ്ധാത്മശക്തിയിൽ പ്രസംഗിച്ച വചനം ജനത്തെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരും ആരാധിക്കുന്ന വരും ആക്കുന്നതായി കാണാം. ഇന്നും അതു സത്യമാണ്.

(2:14-47) പത്രൊസ് പതിനൊന്ന് അപ്പൊസ്തലന്മാരോടുകൂടെ നിന്നു പ്രസംഗിച്ചു. ദൈവമക്കളുടെ സഹകരണവും പ്രാർത്ഥനയും ഫലകരമായ ശുശ്രൂഷയ്ക്ക് ആവശ്യമാണ്. ദൈവവചനം ഉദ്ധരിച്ചുകൊണ്ടു ക്രിസ്തുവിന്റെ മരണപുനരുത്ഥാനം പ്രവചനനിവൃത്തിയാണെന്നു തെളിയിച്ചു. യോവേൽ പ്രവചനം 2:28-32 ഉദ്ധരിച്ചുകൊണ്ട് യിസ്രായേലിന്റെ മാനസാന്തരത്തിനായി അതു സംഭവിച്ചതുപോലെ പെന്തക്കൊസ്തിൽ സംഭവിച്ചതും ജനത്തിന്റെ മാനസാന്തരത്തിനാണെന്നു പറഞ്ഞു. കർത്താവിന്റെ മരണസമയത്ത് അടയാളങ്ങൾ ഉണ്ടായി. അതു ന്യായവിധിക്കായിരുന്നില്ല, യിസ്രായേൽ ക്രിസ്തുവിന്റെ നാമം വിളിച്ച് രക്ഷിക്കപ്പെടേണ്ടതിനായിരുന്നു. കർത്താവിനെ അവർ അറിയാതെ കൊന്നവർ ആണ്. എന്നാൽ അതു ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം സംഭവിച്ചു (ലൂക്കൊ. 24:25). മരണത്തിനു കർത്താവിനെ പിടിച്ചുവയ്ക്കുവാൻ കഴിയുമായിരുന്നില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു ദാവീദു പറഞ്ഞതു നസറായനായ യേശുവിനെക്കുറിച്ചായിരുന്നു. ദാവീദിന്റെ കല്ലറ ഇന്ന് അടയ്ക്കപ്പെട്ട സ്ഥിതിയിൽ ഇരിക്കുന്നു (സങ്കീ. 16:8-11); അവൻ സ്വർഗ്ഗാരോഹണം ചെയ്തില്ല. എന്നാൽ യേശു സ്വർഗ്ഗാരോഹണം ചെയ്തു. ഇതു സങ്കീർത്തനം 110:1 ന്റെ നിവൃത്തിയാകുന്നു. അങ്ങനെ ദൈവം യേശുവിനെ കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു എന്നു പ്രസംഗിച്ചു. ഇതുകേട്ട ജനം ഹൃദയത്തിൽ കുത്തുകൊണ്ടവരായിത്തീർന്ന് അവർക്ക് ഉണ്ടാകുവാൻ പോകുന്ന ന്യായവിധിയെ ഭയപ്പെട്ടു. അതിൽനിന്നു രക്ഷപ്പെടുവാൻ എന്തുചെയ്യണം എന്ന് അവർ ചോദിച്ചു.

പത്രൊസ് അവരോട്, "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" എന്നു പറ ഞ്ഞു. വളരെ തെറ്റിദ്ധാരണകൾക്ക് ഈ വാക്യം വിഷയീഭവിച്ചിട്ടുണ്ട്. യേശുവിനെ കൊന്ന യിസ്രായേലിന്റെ മാനസാന്തരത്തോട് ഇതിനെ ബന്ധപ്പെടുത്തുന്നതു മൊത്തത്തിലുള്ള തിരുവചനത്തിനു നിരക്കുന്നതല്ല (1 കൊരി. 1:17; 15:1-4). പാപമോചനം ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ വിശ്വസിക്കുമ്പോൾ ഉണ്ടാകുന്നു. അങ്ങനെ പാപമോചനം ലഭിച്ചിരിക്കകൊണ്ടു സ്നാനപ്പെടണം എന്ന ആശയമാണ് ഇവിടെയുള്ളത്. അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കും.

അന്നു 3000 പേർ രക്ഷിക്കപ്പെട്ട് അപ്പൊസ്തലന്മാരോടു ചേർന്നു. അവർ ദിനന്തോറും അപ്പൊസ്തലന്മാരുടെ ഉപദേശം പഠിക്കുകയും, കൂട്ടായ്മ ആചരിക്കുകയും, കർത്താവിന്റെ മരണത്തെ ഓർക്കുകയും, പ്രാർത്ഥന കഴിക്കുകയും ചെയ്തുപോന്നു. ആത്മാക്കൾ രക്ഷിക്കപ്പെടുന്നതും ആത്മീയമായി വളരുന്നതും പരിശുദ്ധാത്മാവിന്റെ ശക്തിയുടെ തെളിവാകുന്നു. അവർ സന്തോഷവും ഹൃദയപരമാർത്ഥതയും ഉള്ളവർ ആയിരുന്നു. സകലവും പൊതുവക എന്നെണ്ണി അന്യോന്യം അവർ സഹായിച്ചു. അതു താല്ക്കാലികമായ ക്രമീകരണം ആയിരുന്നു. ചിലർ മടിയന്മാർ ആകുവാൻ ഇതു കാരണ മാകയാൽ ഈ പരിചയം തുടർന്നില്ല എന്നു കാണാം (2 തെസ്സ. 3:8,9,12). അന്നു വിശ്വാസികൾ ദൈവാലയ അങ്കണത്തിൽ കൂടിവന്ന് ദൈവത്തെ ആരാധിച്ചുപോന്നു. അവർക്കു ജനത്തിന്റെ പ്രീതി ലഭിക്കുകയും ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ ഇടയാകുകയും ചെയ്തു.

## അദ്ധ്യായം 3

(3:1-11) പത്രൊസ് മുടന്തനെ സൗഖ്യമാക്കുന്നതും, പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗവുമാണ് ഈ അദ്ധ്യായത്തിൽ ഉള്ളത്. പത്രൊസും യോഹന്നാനും ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയി. അവർ സുന്ദരം എന്ന ഗോപുരത്തിൽക്കൂടി ദൈവാലയത്തിൽ പ്രവേശിച്ചു. അപ്പോൾ ജന്മനാൽ മുടന്തനായ ഒരുവൻ ഭിക്ഷ യാചിക്കുന്നതു കണ്ടു. പത്രൊസിനേയും യോഹ ന്നാനേയും കണ്ട അവൻ വല്ലതും കിട്ടും എന്നു വിചാരിച്ച് ഉറ്റുനോക്കി. അപ്പോൾ പത്രൊസ്, "വെള്ളിയും പൊന്നും എനിക്കില്ല, എനിക്കുള്ളതു നിനക്കു തരുന്നു; നസറായനായ യേശുക്രി

സ്തുവിന്റെ നാമത്തിൽ നടക്കുക" എന്നു പറഞ്ഞ് അവനെ വലങ്കൈക്കു പിടിച്ച് എഴുന്നേല്പിച്ചു. ക്ഷണത്തിൽ അവനു സൗഖ്യം ലഭിച്ചു തുള്ളിച്ചാടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഇതു കണ്ട ജനത്തിനു വിസ്മയവും പരിഭ്രമവും ഉണ്ടായി. ക്രിസ്തുവിന്റെ ദാസന്മാർ മറ്റുള്ളവരോടു സഹതാപം ഉള്ളവരായിരിക്കണം. അവർ ക്രിസ്തുവിന്റെ അധികാരം ലഭിച്ചവരാണ്. കർത്താവിനു മഹത്വം നല്കുവാൻ അവർ കടപ്പെട്ടവർ ആകുന്നു.

(3:12–26) സൗഖ്യം ലഭിച്ച മുടന്തൻ പത്രൊസിനോടും യോഹന്നാനോടും ചേർന്നുനില്ക്കുന്നതു കണ്ട് ജനം ആകർഷിക്കപ്പെട്ടു. പത്രൊസ് കർത്താ വിനെ സാക്ഷിക്കുവാൻ നല്ല അവസരമായി ഇതിനെ കണ്ടു. അവൻ പരിശുദ്ധാത്മശക്തി ലഭിച്ചവനായി ക്രിസ്തുവിനെ പ്രസംഗിച്ചു. 'അറിയായ്മയിൽ നിങ്ങൾ ക്രിസ്തുവിനെ ക്രൂശിക്കുവാൻ ഏല്പിച്ചുകൊടുത്തെങ്കിലും അവൻ പിതാവിന്റെ ഹിതപ്രകാരം കഷ്ടം അനുഭവിക്കയാണ് ചെയ്തത്; നിങ്ങൾ അനുതപിച്ചു മാനസാന്തരപ്പെടുമെങ്കിൽ നിങ്ങൾക്കു പാപമോചനം ലഭിക്കും. ക്രിസ്തു മരിച്ചെങ്കിലും ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. അവന്റെ അധികാരമുള്ള നാമത്തിലാണ് ഈ മുടന്തനു സൗഖ്യമുണ്ടായത്. അവൻ യിസ്രായേൽ ജാതിയെ യഥാസ്ഥാനപ്പെടുത്തുന്ന ദിനം വരുന്നു. മോശെക്കു തുല്യനായ ഒരു പ്രവാചകൻ എഴുന്നേല്ക്കും എന്നു പറഞ്ഞത് ഈ യേശുവിനെക്കുറിച്ചാണ്. പഴയനിയമ പ്രവാചകർ പ്രവചിച്ച മശിഹാ ഇവനാണ്. ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന് അബ്രഹാമിനോടു വാഗ്ദത്തം ചെയ്തതും ഈ ക്രിസ്തുവിനെക്കുറിച്ചാണ്. അവനെ നിങ്ങളുടെ അനുഗ്രഹത്തിനായി അയച്ചിരിക്കുന്നു' (ആവ. 18:15, റോമർ 11:26,27). പത്രൊസ് തന്റെ പ്രസംഗത്തിൽ ക്രിസ്തുവിനു പ്രഥമസ്ഥാനം നൽകി. അവന്റെ മരണപുനരുത്ഥാനസ്വർഗ്ഗാരോഹണം പ്രവചനനിവൃത്തി യായിരുന്നു എന്നു തെളിയിച്ചു. കർത്താവു പാപമോചനവും അനുഗ്രഹ ങ്ങളും നൽകുവാൻ മതിയായവൻ ആകുന്നു എന്നു ചൂണ്ടിക്കാണിച്ചു. മാനസാന്തരപ്പെട്ടു ക്രിസ്തുവിൽ വിശ്വസിക്കുവാൻ ആഹ്വാനം നല്കി. നമുക്കും അനുകരിക്കാവുന്ന മാതൃകയാണ് ഇത്.

## അദ്ധ്യായം 4

(4:1–4) സഭയുടെ പീഡനവും വളർച്ചയും സ്വഭാവവും ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പത്രൊസിന്റെ പ്രസംഗം സദൂക്യരെ കോപിഷ്ടരാക്കി. സദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല. പത്രൊസ് ക്രിസ്തുവിന്റെ മരണപുനരുത്ഥാനം പ്രസംഗിച്ചു. അതുകേട്ട പലരും വിശ്വസിക്കുകയും അവരുടെ സംഖ്യ 5000 ത്തോളം ആകുകയും ചെയ്തു. പ്രതിസന്ധികൾ സഭയെ വളരുവാൻ സഹായിച്ചു.

(4:5–22) അടുത്ത ദിവസം യെഹൂദന്മാരുടെ പ്രമാണികൾ ഒന്നിച്ചുകൂടി പത്രൊസിനേയും യോഹന്നാനേയും ചോദ്യം ചെയ്തു. മുടന്തനു സൗഖ്യം ലഭിച്ചത് അവർക്കു പ്രശ്നമല്ല. 'ക്രിസ്തുവിന്റെ നാമത്തിൽ' അവനെ സൗഖ്യമാക്കിയത് അവർക്കു രസിച്ചില്ല. അതു യേശുവിന്റെ അധികാരമുള്ള നാമത്തിൽ നടന്നു എന്നു ശിഷ്യന്മാർ പറഞ്ഞു. പഴയനിയമം ഉദ്ധരിച്ചുകൊണ്ട് (സങ്കീ. 118:22) 'നിങ്ങൾ ക്രൂശിച്ചുകൊന്ന ക്രിസ്തു ഉയിർത്തെഴുന്നേറ്റു മഹത്വസമ്പൂർണ്ണനായിരിക്കുന്നു' എന്നും 'അവനിൽക്കൂടി മാത്രമേ രക്ഷ ഉള്ളൂ' എന്നും പ്രസ്താവിച്ചു. മതനേതാക്കന്മാർ ശിഷ്യന്മാരുടെ ധൈര്യം കണ്ട് അത്ഭുതപ്പെട്ടു. അവർ യേശുവിനോടുകൂടെയായിരുന്നു എന്ന് അവർക്കു മനസ്സിലായി. പരിശുദ്ധാത്മനിറവും പ്രാർത്ഥനയും ആത്മീയ ശുശ്രൂഷയ്ക്കു ധൈര്യം നല്കും. സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവർ ജീവിക്കുന്ന സാക്ഷികൾ ആകണം. നിസ്സഹായരായ മതപ്രമാണികൾ പത്രൊസിനോടും യോഹന്നാനോടും യേശുവിന്റെ നാമത്തിൽ ഇനിയും പ്രസംഗിക്കരുത് എന്നു താക്കീതു നല്കിയശേഷം വിട്ടയച്ചു.

(4:23–37) പത്രൊസും യോഹന്നാനും മനുഷ്യരേക്കാൾ ദൈവത്തെ അധികം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു. അവർ സഹശിഷ്യന്മാരോടു ചേർന്ന് ഒരുമനപ്പെട്ടു പ്രാർത്ഥിച്ചു. അവരിൽനിന്നും സ്തുതിസ്തോത്രങ്ങൾ ഉയർന്നു. ദൈവത്തിന്റെ സർവ്വശക്തിയും മുൻനിർണ്ണയവും ഏറ്റുപറയുന്ന പ്രാർത്ഥനയായിരുന്നു അത്. സ്വന്തം താല്പര്യങ്ങൾക്കായി പ്രാർത്ഥിച്ചില്ല. ക്രിസ്തുവിനെ പ്രസംഗിക്കാനുള്ള ധൈര്യത്തിനായി പ്രാർത്ഥിച്ചു. അപ്പോൾ കൂടിയിരിക്കുന്ന സ്ഥലം കുലുങ്ങി. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു. പ്രാർത്ഥിക്കുന്ന സഭ വളരുന്ന സഭ ആയിരിക്കും. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തു. അവരുടെ ഇടയിൽ മുട്ടുള്ളവർ ആരും ഉണ്ടായിരുന്നില്ല. ബർന്നബാസ് എന്ന ലേവ്യൻ തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം അപ്പൊസ്തലന്മാരെ ഏല്പിച്ചു. ക്രിസ്തീയ സമർപ്പണത്തിന്റെ മാതൃക ഇവിടെ കാണാം. ആദിമസഭ പീഡനം സഹിച്ചെങ്കിലും അതു ശക്തിയുടേയും ആത്മനിറവിന്റേയും പ്രാർത്ഥനയുടേയും സഭയായിരുന്നു. വിശ്വാസികൾ ഏകമനസ്സും ധാരാളം കൃപയും അന്യോന്യം സഹായിക്കുന്ന മനോഭാവവും ഉള്ളവർ ആയിരുന്നു. സഭയുടെ വളർച്ചയ്ക്ക് ഈ സ്വഭാവങ്ങൾ ഒഴിച്ചുകൂടാത്തതാകുന്നു. അതിനു ദൈവവചനപഠനവും പ്രാർത്ഥനയും പരിശുദ്ധാത്മനിറവും ആവശ്യമാണ്.

## അദ്ധ്യായം 5

(5:1–11) നാലാം അദ്ധ്യായത്തിൽ സഭ പുറത്തുനിന്നുള്ള പീഡനം അനുഭവിച്ചെങ്കിൽ അഞ്ചാം അദ്ധ്യായത്തിൽ അകത്തുള്ള അക്രമം ആണ് വിഷയം. പരിശുദ്ധാത്മാവിനോടു വഞ്ചന കാണിച്ച അനന്യാസും സഫീറയും ശിക്ഷിക്കപ്പെട്ടു.

അനന്യാസും ഭാര്യയും അവരുടെ സ്ഥലം വിറ്റ് അപ്പൊസ്തലന്മാരുടെ അടുക്കൽ പണം കൊണ്ടുവന്നു. അങ്ങനെ ചെയ്യണം എന്നു നിർബന്ധം ഇല്ലായിരുന്നു. എന്നാൽ അവർ സ്വമേധാ അങ്ങനെ ചെയ്യുകയും അതിൽ വഞ്ചന കാണിക്കുകയും ചെയ്തു. ദൈവത്തോടും പരിശുദ്ധാത്മാവിനോടും വ്യാജം കാണിച്ചു എന്നു പത്രൊസ് ഇതിനെക്കുറിച്ച് പറഞ്ഞു. പത്രൊസിന് അനന്യാസിന്റെ ഹൃദയരഹസ്യം മനസ്സിലാക്കുവാനുള്ള കഴിവ് ദൈവം നല്കി. അപ്പൊസ്തലിക കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു അത്. ഇന്ന് അത് സാർവ്വത്രികമായി സംഭവിക്കുന്നില്ല. ഈ ഭാഗത്തു പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും തെളിഞ്ഞുകാണാം. പരിശുദ്ധാത്മാവിനോടു വ്യാജം കാണിക്കുന്നത് പാപമാകുന്നു. ദൈവമക്കൾ വ്യാജഭാവവും വഞ്ച നയും കപടഭക്തിയും ഉള്ളവർ ആയിരിക്കരുത്. അനന്യാസിന്റെ വഞ്ചന നിമിത്തം അവൻ വീണുമരിച്ചു. കർത്താവു ദീർഘക്ഷമ ഉള്ളവനാണ്. എന്നാൽ അതിനു പരിധി ഉണ്ട്. സഫീറയും പരിശുദ്ധാത്മാവിനോടു വഞ്ചന കാണിച്ച് ദൈവത്തെ പരീക്ഷിച്ചു. നമ്മുടെ പാപം മറ്റുള്ളവരെയും ബാധിക്കുമെന്നുള്ള സത്യം ഇവിടെ കാണാം. അവളും ഉടനെ വീണുമരിച്ചു. ദൈവദൃഷ്ടിയിൽ പാപത്തിന് ഏറ്റക്കുറച്ചിൽ ഇല്ല. ദൈവം പാപത്തെ വെറുക്കുന്നു. മറ്റുള്ളവർ, കർത്താവിനെ ഭയഭക്തിയോടെ സേവിക്കുവാൻ ഇതു കാരണമായി.

(5:12-16) സഭയുടെ ശുദ്ധീകരണം ഉണർവ്വിനു കാരണമായി. അപ്പൊസ്തലന്മാരാൽ വലിയ അടയാളങ്ങൾ നടന്നു. അനവധി പുരുഷാരം കർത്താവിൽ വിശ്വസിച്ചു. ക്രിസ്തുവിന്റെ സാക്ഷ്യം യെരൂശലേമിലും ചുറ്റുമുള്ള പട്ടണങ്ങളിലും വ്യാപിച്ചു. ഇന്നും പരിശുദ്ധാത്മനിറവും വിശുദ്ധ ജീവിതവും ഉണർവ്വിന് ഒഴിച്ചുകൂടാത്തതാകുന്നു.

(5:17-32) അപ്പൊസ്തലന്മാർ പീഡിപ്പിക്കപ്പെട്ടു. സഭയ്ക്കുള്ളിലും പുറത്തും കർത്താവിന്റെ വേലയെ തടസ്സപ്പെടുത്തുവാൻ സാത്താൻ ശ്രമി ക്കും. ദൈവകരങ്ങളിൽ പ്രയോജനപ്പെടുന്നവരായ അപ്പൊസ്തലന്മാരോടു മഹാപുരോഹിതന്മാരും സദൂക്യരും അസൂയാലുക്കളായി. അവരെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. കർത്താവ് ഒരു ദൂതനെ അയച്ച് അവരെ വിടുവിച്ചു. ദൈവമക്കൾ ഭയപ്പെടാതെ ദൈവനടത്തിപ്പിൻ പ്രകാരം കർത്താവിനെ സേവിക്കുന്നവർ ആകണം. അടുത്ത ദിവസം സന്നിദ്രിം സംഘത്തിന്റെ മുൻപാകെ അപ്പൊസ്തലന്മാരെ കൊണ്ടുവരുവാൻ കല്പനയായി. പക്ഷേ അവർ ജയിലിൽ ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാർ ദൈവാലയത്തിൽ നിന്നുകൊണ്ടു ജനത്തെ ഉപദേശിക്കുന്നു എന്ന് അറിവു കിട്ടി. ജനത്തെ ഭയപ്പെടുകയാൽ ബലാല്ക്കാരം ചെയ്യാതെ അവരെ കൊണ്ടുവന്ന് ന്യായാധിപസംഘത്തിന്റെ മുൻപിൽ നിറുത്തി. യെരൂശലേമിനെ അവരുടെ ഉപദേശംകൊണ്ടു നിറച്ചിരിക്കുന്നു എന്ന് അവർ അവരെക്കുറിച്ച് പരാതിപ്പെട്ടു. അതിനു മറുപടിയായി അപ്പൊസ്തലന്മാർ, ദൈവത്തെ അനുസരിക്കുവാൻ അവർ ഉത്തരവാദിത്വപ്പെട്ടവർ ആകുന്നു എന്നു പറഞ്ഞു. തുടർന്നു പത്രൊസ്, യേശുക്രിസ്തുവിൽക്കൂടിയുള്ള മാനസാന്തരവും പാപമോചനവും പ്രസംഗിച്ചു.

(5:33-42) അപ്പോൾ മതനേതാക്കൾ കോപപരവശരായി അപ്പൊസ്തലന്മാരെ കൊന്നുകളവാൻ ശ്രമിച്ചു. ഉടനെ ന്യായാധിപസംഘത്തിലെ ഏറ്റവും ബഹുമാന്യനും പരീശപ്രമാണിയുമായിരുന്ന ഗമാലീയേൽ ഇപ്രകാരം പറഞ്ഞു: 'യേശുവിന്റെ മാർഗ്ഗം മാനുഷികമെങ്കിൽ സ്വയം നശിച്ചുകൊള്ളും. എന്നാൽ ദൈവഹിതമെങ്കിൽ അതിനെ നശിപ്പിക്കുവാൻ ആർക്കും കഴിയുക യില്ല.' ന്യായാധിപസംഘം ഗമാലീയേലിനെ അനുസരിച്ചു. എന്നാൽ അവർ അപ്പൊസ്തലന്മാരെ വരുത്തി അടിപ്പിച്ച് 'ഇനി യേശുവിന്റെ നാമത്തിൽ പ്രസംഗിക്കരുത്' എന്ന് കല്പിച്ച് വിട്ടയച്ചു. എന്നാൽ അവർ നിരാശരാകാതെ തിരുനാമത്തിനുവേണ്ടി അപമാനം സഹിക്കുവാൻ യോഗ്യരായി എന്ന് എണ്ണിക്കൊണ്ടു സന്തോഷത്തോടെ മടങ്ങിപ്പോയി. അവർ തുടർന്നു ക്രിസ്തുവിനെ സാക്ഷിച്ചു. ദൈവമക്കൾ എപ്പോഴും സന്തോഷിക്കുവാൻ പദവി ലഭിച്ചവർ ആകുന്നു. അവർ ലോകത്തെ ജയിച്ച ക്രിസ്തുവിനെ അനുഗമിക്കുന്നവർ ആണ്. സുവിശേഷം സന്തോഷത്തിന്റെ ദൂതാകുന്നു.

## അദ്ധ്യായം 6

(6:1-6) ശിഷ്യന്മാരുടെ ഇടയിൽ വിധവമാരെ അവഗണിക്കുന്നു എന്ന പരാതി ഉണ്ടായി. സഭ വളരുമ്പോൾ സാത്താൻ പ്രശ്നങ്ങൾ കൊണ്ടുവരുന്നതു സാധാരണമാണ്. എബ്രായഭാഷ സംസാരിക്കുന്നവർ പലസ്തീനിൽ പാർത്തിരുന്നവരും യവനഭാഷക്കാർ പുറത്തുള്ളവരും ആയിരുന്നു. എബ്രായ ഭാഷക്കാർക്കു മുൻഗണന നൽകി എന്നതായിരുന്നു പരാതി. ദൈവമക്കൾ മുഖപക്ഷം കാണിക്കുന്നവർ ആകരുത്. അതു പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ കാരണം ആകും. പ്രശ്നപരിഹാരത്തിനായി സാക്ഷ്യമുള്ള ഏഴുപേരെ തിരഞ്ഞെടുക്കുവാൻ അപ്പൊസ്തലന്മാർ കല്പിച്ചു. സഭ, ആത്മാവും ജ്ഞാനവും നിറഞ്ഞ യവനഭാഷക്കാരായ ഏഴു ശിഷ്യന്മാരെ മേശയിൽ ശുശ്രൂഷിക്കു വാൻ തിരഞ്ഞെടുത്തു. അപ്പൊസ്തലന്മാർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരുന്നു. പ്രാർത്ഥന ദൈവത്തിലുള്ള ആശ്രയവും ശക്തിയും വിളിച്ചറിയിക്കുന്നു. വചനശുശ്രൂഷ ദൈവത്തിൽനിന്നും പ്രാപിച്ചതു മറ്റുള്ളവർക്കു നൽകുന്നതാണ്. പ്രാർത്ഥന കൂടാതെ വചനശുശ്രൂഷ ഫലകരമാകയില്ല. സഭാശുശ്രൂഷകന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങൾ ആണ് ഇത്. തിരഞ്ഞെടുത്തവരെ അപ്പൊസ്തലന്മാർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈ വച്ചു. അത് അവരെ അംഗീകരിക്കുവാനും സഹകരണം വാഗ്ദാനം ചെയ്യുവാനും ആയിരുന്നു. അല്ലാതെ അവരുടെമേൽ കൈവെച്ചു പാസ്റ്ററോ, ഡീക്കനോ ആക്കുകയല്ലായിരുന്നു.

(6:7-15) മേശയിൽ ശുശ്രൂഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരിൽ സ്തെഫാനൊസും ഫിലിപ്പോസും കർത്താവിന്റെ സുവിശേഷത്തിനു സാക്ഷികൾ ആയി. സ്തെഫാനൊസിനാൽ വളരെ അത്ഭുതങ്ങളും അടയാള ങ്ങളും

നടന്നു. അവൻ വിശ്വാസവും കൃപയും ശക്തിയും ധൈര്യവും ഉള്ളവനായി വചനം ശുശ്രൂഷിച്ചു. യെഹൂദന്മാർ അവനോടു വാദിക്കുകയും തർക്കിക്കുകയും ചെയ്തു. എന്നാൽ അവന്റെ മുൻപാകെ അവർ പരാജയപ്പെട്ടു. അപ്പോൾ അവനെതിരേ കള്ളയാരോപണം ഉന്നയിച്ച് അവനെ ബന്ധിച്ചു. അതിനു ജനത്തെ പ്രേരിപ്പിച്ചതു മതനേതാക്കന്മാർ ആയിരുന്നു. ക്രിസ്തുവിനോടു ചെയ്തതും ഇതിനു തുല്യമായിരുന്നു. ന്യായാധിപസംഘത്തിന്റെ മുൻപാകെ അവനെ നിറുത്തി. അവന്റെ മുഖം ദൈവദൂതന്റെ മുഖംപോലെ ശോഭിച്ചു. സ്തെഫാനൊസ് ക്രിസ്ത്യാനിയായി കഷ്ടം സഹിച്ചു. അവൻ ക്രിസ്തുവിനെ പ്രസംഗിച്ചു. പ്രതികൂലങ്ങളുടെ മദ്ധ്യത്തിൽ അവൻ ക്രിസ്തുവിന്റെ സ്നേഹം പ്രദർശിപ്പിച്ചു. അവന്റെ ജീവിതവും പ്രസംഗവും ക്രിസ്തുവിനെ സാക്ഷിക്കുന്നതായിരുന്നു.

## അദ്ധ്യായം 7

സ്തെഫാനൊസ് ന്യായാധിപസംഘത്തിന്റെ മുൻപിൽ പ്രതിവാദം കഴിക്കുന്നതും രക്തസാക്ഷിയായി മരിക്കുന്നതുമാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്.

(7:1-8) സ്തെഫാനൊസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി സൗമ്യത യോടെ യിസ്രായേലിന്റെ ചരിത്രം ഉദ്ധരിച്ചു. അബ്രഹാമിനുണ്ടായ ദിവ്യവിളിയും അവന്റെ അനുസരണവും വാഗ്ദത്തനാട്ടിൽ പരദേശിയെപ്പോലെ പാർത്തതും വിവരിച്ചു. ആ ദേശം അവന്റെ സന്തതി അവകാശമാക്കും; എന്നാൽ അത് ഉടനെ സംഭവിക്കയില്ല; നാനൂറു സംവത്സരം അവർ മിസ്രയീമിൽ അടിമകളായിരിക്കും; ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കും. ദൈവം അബ്രഹാമുമായി ഒരു ഉടമ്പടി ചെയ്തു. അതിന്റെ അടയാള മായി പരിച്ഛേദന കല്പിച്ചു. അബ്രഹാം ദൈവവാഗ്ദത്തങ്ങൾ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്തു.

(7:9-53) യിസ്രായേലിന്റെ സംരക്ഷണത്തിനായി ദൈവം യോസേഫിനെ ഉയർത്തി. എന്നാൽ അവർ അവനെ മിസ്രയീമ്യർക്കു വിറ്റുകളഞ്ഞു. എങ്കിലും ദൈവം അവനെ മിസ്രയീമ്യർക്ക് അധിപതിയാക്കി. ക്ഷാമകാലത്തു യിസ്രായേലിനെ രക്ഷിച്ചു. തുടർന്നു മോശെയെ അയച്ചു. അവൻ യിസ്രായേലിനെ മിസ്രയീമ്യ അടിമത്തത്തിൽനിന്നും വിടുവിക്കുവാൻ വന്നു. എന്നാൽ അവനേയും അവർ തള്ളിക്കളഞ്ഞു. അവർ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും ദൈവത്തിൽ വിശ്വസിച്ചില്ല. യിസ്രായേൽ മരുഭൂമിയിൽ വിഗ്രഹങ്ങളെ ആരാധിച്ചു. കനാനിൽ എത്തിയ ശേഷവും അത് അവർ തുടർന്നു. ദൈവം തന്നെപ്പോലൊരു പ്രവാചകനെ അവരിൽനിന്നും എഴുന്നേല്പിക്കും എന്നു മോശെ കല്പിച്ചു. ആ പ്രവാചകൻ ക്രിസ്തു ആകുന്നു. ദൈവം യിസ്രായേലിനു പ്രവാചകന്മാരേയും ന്യായപ്രമാണത്തേയും നൽകി യെങ്കിലും അവർ നക്ഷത്രദേവന്മാരെ ആരാധിച്ചു. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായ സമാഗമനകൂടാരവും ദൈവാലയവും അവർക്കു നല്കി. അതു താല്ക്കാലികമായ ക്രമീകരണമായിരുന്നു. ഇന്നു ദൈവം വസിക്കുന്നതു ക്രിസ്തുവിലാണ് (യോഹ. 1:14). വലിയവനായ ദൈവത്തെ ഉൾക്കൊള്ളുവാൻ സമാഗമനകൂടാരമോ ദൈവാലയമോ പര്യാപ്തമല്ല. ആലയം ഇല്ലാതെ തന്നെ ദൈവത്തെ ആരാധിക്കുവാൻ കഴിയും എന്നു സ്തെഫാനൊസ് പ്രസ്താ വിച്ചു.

(7:54-60) തനിക്കെതിരെ ആരോപണമുയർത്തിയവരോടു സ്തെഫാ നൊസ് ധൈര്യപൂർവ്വം സംസാരിച്ചു. ദൈവവചന പരിജ്ഞാനവും ആത്മനിറവും അവനുണ്ടായിരുന്നു. ഇന്നും ക്രിസ്തുവിന്റെ ഉത്തമ സാക്ഷികൾ ആകുവാൻ അത് ആവശ്യമാണ്. ക്രിസ്തുവിനെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാരെ അവർ കൊന്നു. ഇതു കേട്ട ന്യായാധിപസംഘം കോപപരവശരായി. തന്നെ കൊല്ലുവാൻ ശ്രമിക്കുന്നവരുടെ മുൻപിൽ സ്തെഫാനൊസ് ആത്മാവു നിറഞ്ഞവനായി നിന്നു. അവനു സ്വർഗ്ഗീയ ദർശനം ഉണ്ടായി. മഹത്വസമ്പൂർണ്ണനായ ദൈവപുത്രൻ തന്നെ സ്വാഗതം ചെയ്തുകൊണ്ടു ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതു കണ്ടു. അപ്പോഴും കർത്താവിന്റെ മഹത്വത്തെ കീർത്തിക്കുവാൻ സ്തെഫാനൊസിനു കഴിഞ്ഞു. മതഭ്രാന്തന്മാർ അവനെ കല്ലെറിഞ്ഞുകൊന്നു. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു സ്തെഫാനൊസ് രക്തസാക്ഷിമരണം സ്വീകരിച്ചു. മരിക്കുമ്പോഴും അവനിൽ ദൈവാശ്രയവും, സ്നേഹവും നിറഞ്ഞിരുന്നു. അവന്റെ മരണം ഒരു ഉറക്കമായിരുന്നു.

സുവിശേഷത്തിന്റെ പ്രഥമ രക്തസാക്ഷി സ്തെഫാനൊസാണ്. അവൻ പരിശുദ്ധാത്മാവു നിറഞ്ഞവനും, സ്വർഗ്ഗീയ ദർശനം ലഭിച്ചവനും, പ്രത്യാശയുള്ളവനും, ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവനും ആയിരുന്നു. കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ ആണ്. പുനരുത്ഥാനത്തിന്റെ പുതുപുലരിയെ പ്രതീക്ഷിച്ചുകൊണ്ട് അവരുടെ ശരീരം നിദ്രകൊള്ളുന്നു. ആത്മാവു കർത്താവിനോടുകൂടെ വിശ്രമിക്കുന്നു (ഫിലി. 1:23). കർത്താവിനുവേണ്ടി മരിക്കുന്നവർ ഒരിക്കൽ ജീവകിരീടം പ്രാപിക്കും (വെളി. 2:10).

## അദ്ധ്യായം 8

(8:1-8) ശിഷ്യന്മാർ ഭൂലോകം ഒക്കെയും ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ നിയോഗം ലഭിച്ചവരായിരുന്നു. എന്നാൽ അവർ യെരുശലേമിൽ കഴിഞ്ഞു. സ്തെഫാനൊസിന്റെ മരണം ശിഷ്യന്മാരെ നിരാശപ്പെടുത്തിയില്ല. പീഡനത്തിലും ചിതറിപ്പോക്കിലും അവർ ദൈവത്തിന്റെ ഉദ്ദേശം മനസ്സിലാക്കി. ഫിലിപ്പോസ് വളരെ അടയാളങ്ങൾ ചെയ്തു. അവൻ വിധവമാരുടെ ഭക്ഷണപ്രശ്നം കൈകാര്യം ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു ശിഷ്യനായിരുന്നു. ശമര്യർ യെഹൂദന്മാരുടെ ദൃഷ്ടിയിൽ അശുദ്ധർ ആയിരുന്നു. എന്നാൽ ക്രിസ്തു അവരോടു സുവി

ശേഷം അറിയിക്കുവാൻ കല്പിച്ചിരുന്നു. ദൈവദൃഷ്ടിയിൽ എല്ലാവരും പാപികൾ ആണ്. ക്രിസ്തു അവരെ രക്ഷിക്കുവാൻ വന്നു. അടയാളങ്ങൾ വചനം വിശ്വസിക്കാനുള്ള തെളിവുകൾ ആയിരുന്നു. അങ്ങനെ ശമര്യയിൽ ആത്മിക ഉണർവ്വുണ്ടായി. പാപികൾ രക്ഷിക്കപ്പെട്ടതിന്റെ ഫലമായി വലിയ സന്തോഷം ഉണ്ടായി.

(8:9–25) മന്ത്രവാദിയായ ശീമോൻ അപ്പൊസ്തലന്മാർ ചെയ്ത അടയാളങ്ങൾ കണ്ടു സ്നാനമേറ്റു ശിഷ്യന്മാരോടു ചേർന്നു. അവൻ തന്റെ ആഭിചാരം കൊണ്ടു ജനത്തെ ഭ്രമിപ്പിക്കുകയും തന്നിലേക്ക് ആകർഷിക്കുകയും ചെയ്തിരുന്നു. അവൻ കള്ളനായിരുന്നു എന്ന് 21-ാം വാക്യം വ്യക്തമാക്കുന്നു. ദൈവദാസന്മാർ ക്രിസ്തുവിലേക്കു ജനത്തെ ആകർഷിക്കണം. കർത്താവു നമ്മുടെ യഥാർത്ഥ വിശ്വാസം അറിയുന്നു (യോഹ. 2:25). പ്രവൃത്തി കൂടാതെ യുള്ള വിശ്വാസം നിർജ്ജീവമാണ്. പണസമ്പാദനത്തിനായി ആത്മീയകാര്യങ്ങൾ ഉപയോഗിക്കരുത്. ശീമോന്റെ ജീവിതത്തിൽ ഇതൊക്കെയും കാണാവുന്നതാണ്. യെരൂശലേമിലെ സഭ ശമര്യയിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ ഉടനെ അപ്പൊസ്തലന്മാരായ പത്രൊസിനേയും യോഹന്നാനേയും അങ്ങോട്ടയച്ചു. അവർ വിശ്വാസികളുടെ മേൽ കൈവെച്ചു പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു. യെഹൂദന്മാർ വെറുത്തിരുന്ന ശമര്യർ ദൈവസഭയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു തെളിയിക്കുവാനാണ് അങ്ങനെ സംഭവിച്ചത്. ഇന്ന് ഒരു പാപി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു (എഫെ. 1:13,14; റോമർ 8:9). പരിശുദ്ധാത്മാവിനെ ലഭിക്കുവാൻ കൈവെക്കണമെന്ന് ലേഖനങ്ങൾ പഠിപ്പിക്കുന്നില്ല (1 കൊരി. 12:13). അങ്ങനെ ശമര്യയിൽ സഭ ഉണ്ടായി (9:31).

(8:26–40) എത്യോപ്യക്കാരനായ ഷണ്ഡന്റെ മാനസാന്തരമാണ് തുടർന്നു നാം കാണുന്നത്. അവൻ എത്യോപ്യാരാജ്ഞിയുടെ ധനകാര്യമന്ത്രിയും ദൈവത്തെ ആരാധിക്കുന്നവനും ആയിരുന്നു. കൂടാതെ ഷണ്ഡൻ ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നവൻ ആയിരുന്നു. അവനോടു സുവിശേഷം അറിയിക്കുവാൻ ഫിലിപ്പോസിനു നിയോഗം ഉണ്ടായി. ദൂതൻ അവനോടു ഗസെക്കുള്ള നിർജ്ജനമായ വഴിക്കു പോകു വാൻ കല്പിച്ചപ്പോൾ ഫിലിപ്പോസ് ഒഴികഴിവുകൾ പറഞ്ഞില്ല. ഷണ്ഡൻ ആയിരുന്ന സ്ഥലത്ത് എത്തിയപ്പോൾ രഥത്തോട് ചേർന്നു നടക്കുവാൻ ദൂതൻ ഫിലിപ്പോസിനോട് പറഞ്ഞു. ദൈവാത്മാവിന്റെ നടത്തിപ്പും സഹായവും സുവിശേഷം അറിയിക്കുവാൻ ആവശ്യമാണ്. ഷണ്ഡൻ യെശയ്യാപ്രവചനം 53:7,8 വാക്യങ്ങൾ ആണ് വായിച്ചുകൊണ്ടിരുന്നത്. അവന്റെ ഹൃദയം വചനം ഗ്രഹിക്കുവാൻ ഒരുക്കമുള്ളതായിരുന്നു. ദൈവവചനം ഗ്രഹിക്കുവാൻ ദൈവാത്മാവിന്റെ നടത്തിപ്പും സഹായവും ആവശ്യമാണ്. ദൈവദാസന്മാരെ വചനം വിശദീകരിച്ചുകൊടുക്കുവാൻ ദൈവം ഉപയോഗിക്കുന്നു. യേശുവിന്റെ കഷ്ടാനുഭവത്തെയും മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ചുള്ള സന്ദേശമാണ് സുവിശേഷം. അതു വിശ്വസിക്കുമ്പോൾ നാം രക്ഷിക്കപ്പെടുന്നു. രക്ഷിക്കപ്പെട്ടവർ കർത്താവിനെ പരസ്യമായി സാക്ഷിക്കണം. സ്നാനംകൊണ്ടുള്ള ഉദ്ദേശം അതാണ്. ഷണ്ഡൻ കർത്താവിനെ സ്നാനത്തിൽക്കൂടി പരസ്യമായി സാക്ഷിക്കുവാൻ ലജ്ജിച്ചില്ല. സ്നാനം കർത്താവിന്റെ മരണം, സംസ്കരണം, പുനരുത്ഥാനം എന്നിവയോടുള്ള ഏകീഭാവത്തെ കാണിക്കുന്നു. മുങ്ങൽ സ്നാനം നിദർശനം ചെയ്യുന്നത് അതാണ്. കർത്താവിന്റെ കല്പന അനുസരിച്ച ഷണ്ഡൻ സന്തോഷത്തോടെ ഭവനത്തിലേക്കു മടങ്ങി. ദൈവകല്പന അനുസരിക്കുമ്പോൾ മാത്രമേ നമുക്കു സന്തോഷമുള്ളവർ ആകുവാൻ കഴിയുകയുള്ളൂ. ഫിലിപ്പോസിനെ ദൈവത്തിന്റെ ആത്മാവ് എടുത്തുകൊണ്ടുപോയി. അവൻ അസ്തോദിലും കൈസര്യയുടെ പ്രദേശങ്ങളിലും സുവിശേഷം അറിയിച്ചുകൊണ്ടിരുന്നു. ഫിലിപ്പോസ് എടുക്കപ്പെട്ടതു ദൈവമക്കൾക്ക് ഉണ്ടാകുവാൻ പോകുന്ന പുനരുത്ഥാനത്തെ കാണിക്കുന്നു.

## അദ്ധ്യായം 9

ഈ അദ്ധ്യായത്തിൽ ക്രിസ്തുവിരോധിയായിരുന്ന ശൗലിന്റെ മാനസാന്തരം, അനന്യാസ് അവനെ സന്ദർശിക്കുന്നത്, ശൗൽ ദമാസ്ക്കസിലും യെരൂശലേമിലും സുവിശേഷം പ്രസംഗിക്കുന്നത്, പത്രൊസു മൂലം നടന്ന അത്ഭുതങ്ങൾ എന്നിവ കാണാം.

(9:1–9) ശൗലിന്റെ മാനസാന്തരം സഭാചരിത്രത്തിലെ ഒരു പ്രധാനസംഭവം ആണ്. അപ്പൊസ്തല പ്രവൃത്തിയിൽ മൂന്നു പ്രാവശ്യം ഈ സംഭവം ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നു (9,22,26 അദ്ധ്യായങ്ങൾ). ശൗൽ ഒരു യെഹൂദമതഭ്രാന്തനായിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ മഹാപുരോഹിതന്റെ അധികാരപത്രവുമായി അവൻ ദമാസ്ക്കസിലേക്ക് പോയി. വഴിയിൽ വച്ചു ക്രിസ്തു അവനു പ്രത്യക്ഷപ്പെട്ടു. പെട്ടെന്ന് ആകാശ ത്തു നിന്നും ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി, ക്രിസ്തുവിന്റെ ശബ്ദം അവൻ കേട്ടു, ശൗൽ നിലത്തുവീണു, യേശുവിനെ 'കർത്താവേ' എന്നു വിളിച്ചു, അന്ധനായി, അവനെ കൈക്കുപിടിച്ചു നടത്തി എന്നീ സംഭവങ്ങൾ ശ്രദ്ധാർഹമാണ്. അവന്റെ മേൽ മിന്നിയ പ്രകാശം ക്രിസ്തുവിന്റെ തേജസ്സാണ് (2 കൊരി. 4:6). ക്രിസ്തുവിനു ശത്രുവിനേയും മിത്രത്തേയും അറിയാം. അവൻ പേർ ചൊല്ലി വിളിക്കുവാൻ മനസ്സുള്ളവനാണ്. ക്രിസ്തു എല്ലാവരുടേയും കർത്താവാണ്. അവനെ രക്ഷിതാവും കർത്താവുമായി ഇന്ന് അംഗീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. ക്രിസ്തു നമ്മെ നടത്തുമ്പോൾ മാത്രമേ നമുക്ക് ആത്മികവെളിച്ചം ലഭിക്കുകയുള്ളൂ. അറിയായ്മയിൽ ചെയ്തുപോയ കുറ്റം കർത്താവു ക്ഷമിക്കുകയും ശൗലിനെ തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കുകയും ചെയ്തു.

(9:10–30) ക്രിസ്തുശിഷ്യനായിരുന്ന അനന്യാസ് ശൗലിനെ സമീപിച്ച് അവനുവേണ്ടി പ്രാർത്ഥിച്ചു. അനന്യാ

സിന്റെ ഭയവും ഒഴികഴിവുകളും അതിനു മുടക്കം വരുത്തിയില്ല. ദൈവവചനം അനുസരിക്കുമ്പോൾ സംശയവും ഭയവും മാറി ധൈര്യവും സന്തോഷവും ഉണ്ടാകും. അനന്യാസ് പ്രാർത്ഥിച്ചപ്പോൾ ശൗലിനു കാഴ്ച ലഭിച്ചു. ശൗൽ രക്ഷാനിർണ്ണയം ഉള്ളവനായി ക്രിസ്തുവിനെ യെഹൂദന്മാരുടെ പള്ളികളിൽ പ്രസംഗിച്ചു. രക്ഷിക്കപ്പെട്ടവർ കർത്താവിനെ സാക്ഷിക്കുന്നവർ ആകണം. ശൗലിനെ കൊല്ലുവാൻ യെഹൂദന്മാർ ശ്രമിച്ചു. അവൻ അവിടെനിന്നും യെരൂശലേമിലേക്കു പോയി. കർത്താവിനെ സാക്ഷിക്കുമ്പോൾ എതിർപ്പുകൾ ഉണ്ടാകും. എന്നാൽ നാം അവനെ സാക്ഷിക്കുവാൻ അവൻ പുതിയ വാതിലുകൾ തുറന്നുതരും. ശൗലിനെ സ്വീകരിക്കുവാൻ യെരൂശലേമിൽ ശിഷ്യന്മാർക്കു ഭയമായിരുന്നു. എന്നാൽ ബർന്നബാസ് അവനെ കൈക്കൊണ്ടു. അവൻ ശൗലിനെ അപ്പൊസ്തലന്മാർക്കു പരിചയപ്പെടുത്തി. ശൗൽ യെരൂശലേമിൽ ക്രിസ്തുവിനെ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചു. ദൈവമക്കളുടെ സഹായവും സഹകരണവും വിശ്വാസികൾക്ക് ഒഴിച്ചുകൂടാത്തതാകുന്നു. യെരൂശലേമിലും ശൗലിനെ കൊല്ലുവാൻ യെഹൂദന്മാർ ശ്രമിച്ചു. ശൗൽ അവിടെനിന്നും കൈസര്യയിലേക്കും പിന്നീട് തർസൊസിലേക്കും പോയി. അങ്ങനെ സഭയ്ക്കു സമാധാനം ഉണ്ടായി. ആത്മാക്കൾ രക്ഷിക്കപ്പെട്ടും വിശ്വാസികൾ ആത്മീയ അഭിവൃദ്ധി പ്രാപിച്ചും പോന്നു. ഇതു രണ്ടുമാണ് ഒരു മാതൃകാസഭയ്ക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ.

(9:31-43) ഈ ഭാഗത്തു പത്രൊസ് ലുദ്ദയിലും യോപ്പയിലും ക്രിസ്തുവിനെ സാക്ഷിക്കുന്നതായി കാണാം. ലുദ്ദയിൽ എട്ടു വർഷമായി തളർന്നു കിടന്നിരുന്ന ഐനെയാസ് എന്ന പക്ഷവാതരോഗിയെ സൗഖ്യമാക്കി. കർത്താവു സൗഖ്യം നൽകിയതു കണ്ടു പലരും ക്രിസ്തുവിൽ വിശ്വസിച്ചു. യോപ്പയിൽ തബീഥാ എന്നു പേരുള്ള ഒരു ശിഷ്യ ഉണ്ടായിരുന്നു. അവൾ രോഗിയായി മരിച്ചു. 'തബീഥയേ, എഴുന്നേല്ക്കുക' എന്നു പറഞ്ഞ് അവളെ ഉയിർത്തെഴുന്നേല്പിച്ചു. അതു കണ്ടവർ സന്തോഷിക്കുകയും കർത്താവിൽ വിശ്വസിക്കുകയും ചെയ്തു. നിസ്സഹായനായ പക്ഷവാതക്കാരനെയും സൽപ്രവൃത്തികൾ ചെയ്തു മരിച്ച തബീഥയെയും രക്ഷിക്കുവാൻ കർത്താവിനു കഴിഞ്ഞു. സൽപ്രവൃത്തികൾ ആരേയും രക്ഷിക്കുകയില്ല. യോപ്പയിൽ തോല്ക്കൊല്ലനായ ശീമോന്റെ കൂടെ പത്രൊസ് വളരെ നാൾ പാർത്തു. ക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസിനു ശീമോൻ അശുദ്ധനാണെ ന്നുള്ള ചിന്താഗതി ഇല്ലായിരുന്നു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം.

## അദ്ധ്യായം 10

സുവിശേഷം ആദ്യം യെഹൂദന്മാരോടും ശമര്യരോടും അറിയിച്ച ചരിത്രം നാം കണ്ടു. ഈ സുവിശേഷം ഭൂലോകം ഒക്കെയും അറിയിക്കുവാനുള്ളതാണ്. ജാതികളോടു സുവിശേഷം അറിയിക്കുവാൻ പത്രൊസിനെ ദൈവം ഉപയോഗിച്ച ചരിത്രം നാം പത്താം അദ്ധ്യായത്തിൽ കാണുന്നു. മനുഷ്യ വർഗ്ഗം നോഹയുടെ മക്കളായ ഹാം, ശേം, യാഫെത്ത് എന്നിവരുടെ സന്തതിപരമ്പരകളാണ്. ഹാം വംശത്തിൽ ഉള്ള ഷണ്ഡനും, ശേം വംശത്തിലുള്ള ശൗലും സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. പത്താം അദ്ധ്യായത്തിൽ യാഫെത്ത് വംശജനായ കൊർന്നേല്യൊസ് സുവിശേഷം കേട്ടു രക്ഷിക്കപ്പെടുന്നതായി കാണാം. അങ്ങനെ സുവിശേഷം ലോകമൊക്കെയും അറിയിക്കണം എന്നുള്ള ദൈവിക നിയോഗം നിവൃത്തിയായി.

10:1-8 വരെയുള്ള വാക്യങ്ങളിൽ കൊർന്നേല്യൊസിനുണ്ടായ ദർശനം കാണാം. ഒരു ഉയർന്ന പട്ടാള ഓഫീസറും ദൈവഭക്തനും വളരെ ധർമ്മം കൊടുക്കുന്നവനും ആയിരുന്നു കൊർന്നേല്യൊസ്. ദൈവത്തെ അറിയുവാനുള്ള ആഗ്രഹത്തോടുകൂടെ അവൻ പ്രാർത്ഥിച്ചു. ആത്മാർത്ഥതയോടെ നാം കഴിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കും. പത്രൊസിനെ വിളിപ്പിക്കുവാൻ ദൂതൻ മുഖാന്തരം അവന് അരുളപ്പാടുണ്ടായി. കൊർന്നേല്യൊസു ദൈവകല്പന സംശയിക്കാതെ അനുസരിച്ചു (യിരെ. 29:13).

(10:9-16) കർത്താവു പത്രൊസിനു ദർശനത്തിൽ ജാതികളോടു സുവിശേഷം അറിയിക്കുവാനുള്ള നിയോഗം നൽകി. പത്രൊസ് പ്രാർത്ഥനാസമയത്ത് ഒരു ദർശനം കണ്ടു. അവൻ യെഹൂദനും അശുദ്ധമായ യാതൊന്നും ഭക്ഷിക്കാത്തവനും ആയിരുന്നു. തുപ്പട്ടിയിൽ കണ്ട അശുദ്ധമൃഗങ്ങളെ അറുത്തു തിന്നുവാൻ അവനോടു കല്പിച്ചു. അതിനു വിസമ്മതം കാണിച്ച പത്രൊസിനോട്, 'ദൈവം ശുദ്ധീകരിച്ചത് മലിനം എന്നു വിചാരിക്കരുത്' എന്നു പറഞ്ഞു. ദൈവദൃഷ്ടിയിൽ സകലരും പാപികൾ ആണ്. സുവിശേഷം കേട്ടു രക്ഷിക്കപ്പെടുന്നവർ ദൈവത്തിനു വിലയേറിയവർ ആകുന്നു. യെഹൂദ ന്മാർ മറ്റു ജാതികളെ അശുദ്ധരായി കരുതിയിരുന്നു. ഏതു ജാതിയിൽപ്പെട്ടവരെയും ദൈവം ഇന്ന് അംഗീകരിക്കുന്നു. വിശ്വസിക്കുന്ന യെഹൂദനും ജാതിയും ക്രിസ്തുസഭയിൽ തുല്യരാണ് ( എഫെ. 3:6).

(10:17-32) പത്രൊസ് ദർശനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ കൊർന്നേല്യൊസ് അയച്ച ആളുകൾ ശീമോന്റെ വീട്ടിൽ വന്നു. പത്രൊസ് അവരെ സ്വീകരിച്ചു. പിറ്റന്നാൾ അവരോടുകൂടെ പുറപ്പെട്ടു കൈസര്യയിൽ കൊർന്നേല്യൊസിന്റെ ഭവനത്തിൽ എത്തി. സുവിശേഷ ദർശനം ഉള്ളവർ സകലരേയും തുല്യരായി കാണുന്നവരും, അത് അറിയിക്കുവാൻ മനസ്സും ഉത്സാഹവും ഉള്ളവരും ആയിരിക്കും. കൊർന്നേല്യൊസ് സ്വന്ത താല്പര്യം മാത്രം അന്വേഷിക്കുന്നവൻ ആയിരുന്നില്ല. ചാർച്ചക്കാരേയും സ്നേഹിതരേയും സുവിശേഷം കേൾക്കുവാൻ ക്ഷണിക്കുകയും കർത്താവിന്റെ ദാസനെ സ്വീകരിക്കുവാൻ ഒരുങ്ങുകയും ചെയ്തു. നാം മറ്റുള്ളവരുടെ ആത്മീയ അനുഗ്രഹം ആഗ്രഹിക്കുന്നവർ ആകണം. പത്രൊസ് കൊർന്നേല്യൊസിന്റെ ആരാധന നിരസിച്ചു. ദൈവദാസന്മാരെ ആദരിക്കുന്നത് യോഗ്യമാണ്. എന്നാൽ ദൈവം മാത്രമാണ് ആരാധ്യൻ. വിഗ്രഹങ്ങളേയും, പ്രതിമ

കളേയും നമസ്കരിക്കുന്നത് പാപമാണ് (പുറ. 20:3-5). പിതാവും പുത്രനും ആരാധന യ്ക്കു യോഗ്യർ ആകുന്നു (യോഹ. 5:23).

(10:33-48) പത്രൊസു വന്നതിലുള്ള സന്തോഷവും നന്ദിയും കൊർന്നേല്യൊസ് അറിയിച്ചു. ദൈവവചനം കേൾക്കുവാനുള്ള വലിയ ഒരുക്കവും ആഗ്രഹവും പ്രകടിപ്പിച്ചു. ദൈവമക്കൾ ആത്മീയ അനുഗ്രഹം പ്രാപിക്കുവാൻ ഇവ രണ്ടും ഒഴിച്ചുകൂടാത്തതാകുന്നു. പത്രൊസ് ക്രിസ്തുവിനെ പ്രസംഗിച്ചു: 'ദൈവത്തിനു മുഖപക്ഷമില്ല. യേശു സമാധാനത്തിന്റെ സുവിശേഷം അറിയിക്കുവാൻ വന്നു. യേശു എല്ലാവരുടേയും കർത്താവാണ്. പാപരഹിതനായ ക്രിസ്തുവിൻെറ ജീവിതം നിസ്തുല്യമാണ്. അവന്റെ മരണത്തിനും പുനരുത്ഥാനത്തിനും ഞങ്ങൾ സാക്ഷികൾ ആകുന്നു. അവനെ ജീവനുള്ളവരുടേയും മരിച്ചവരുടേയും ന്യായാധിപതിയായി നിയമിച്ചിരിക്കുന്നു. ഇന്ന് അവനിൽ വിശ്വസിക്കുന്നവർക്കു പാപമോചനം ലഭ്യമാണ്.' വചനം കേട്ടവരുടെ മേൽ പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷയിൽ സംസാരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഇതു കണ്ട പത്രൊസ് പെന്തക്കൊ സ്തുനാളിൽ ഉണ്ടായ സംഭവം ഓർത്തു വിശ്വാസികളായ യെഹൂദന്മാരും ജാതികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നു മനസ്സിലാക്കി. ഇന്നു ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു (എഫെ. 1:13,14). രക്ഷിക്കപ്പെട്ടവർ സ്നാനത്തിൽക്കൂടെ കർത്താവിനെ സാക്ഷിക്കുന്നവർ ആകണം. പത്രൊസ് ചില ദിവസങ്ങളിൽ അവരോടുകൂടെ താമസിക്കണം എന്ന് അപേക്ഷിച്ചു. അവർ ആത്മീയ കൂട്ടായ്മ ആചരിച്ചു.

രക്ഷയ്ക്കായി കാംക്ഷിക്കുന്നവരെ ദൈവം രക്ഷിക്കുന്നു. ദൈവവചനകേൾവിയും വിശ്വാസവും അതിന് ആവശ്യമാണ്. വിശ്വാസികൾ പരിശുദ്ധാത്മാവ് ഉള്ളവർ ആകുന്നു. അവർ കർത്താവിന്റെ കല്പന അനുസരിക്കണം. യഥാർത്ഥ വിശ്വാസികൾ സഹവിശ്വാസികളുമായുള്ള കൂട്ടായ്മ ആഗ്രഹിക്കുന്നു. അത് അവരുടെ ആത്മീയ വളർച്ചയ്ക്കും സാക്ഷ്യജീവിത ത്തിനും സഹായിക്കും. സുവിശേഷം അറിയിക്കുന്നതിൽ നമ്മുടെ പങ്ക് എന്താണ്? കൊർന്നേല്യൊസിന്റെ മാതൃക നമുക്ക് അനുകരിക്കാം.

## അദ്ധ്യായം 11

(11:1-18) പത്രൊസു ജാതികളോടു സുവിശേഷം അറിയിച്ചതും അവരുമായി സഹകരിച്ചതും യെഹൂദന്മാർ ചോദ്യം ചെയ്തു. അവനിൽ കുറ്റം കണ്ടെത്താൻ അവർ ശ്രമിച്ചു. ഒരു പുറജാതി രക്ഷിക്കപ്പെടുവാൻ ഒന്നാമ തായി യെഹൂദമതം സ്വീകരിക്കണം എന്ന് അവർ തെറ്റിദ്ധരിച്ചിരുന്നു. അതുകൊണ്ടാണ് പത്രൊസിന്റെ നടപടിയെ യെഹൂദവിശ്വാസികൾ വിമർശിച്ചത്. പത്രൊസ് തനിക്കുണ്ടായ ദർശനവും നിയോഗവും വിശദീകരിച്ചു. ദൈവാത്മാവിന്റെ നിയോഗം അനുസരിച്ചതുമൂലം ജാതികൾ സുവിശേഷം കേൾക്കു വാൻ ഇടയായി. ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ ജാതികൾക്കും യെരൂശ ലേമിൽ ക്രിസ്തുവിൽ വിശ്വസിച്ച യെഹൂദന്മാർക്കുണ്ടായ അനുഭവം ലഭിച്ചു. അങ്ങനെ പത്രൊസ് ദൈവത്തിനു മുഖപക്ഷമില്ല എന്നും പരിശുദ്ധാത്മാവുകൊണ്ട് വിശ്വാസികൾ സ്നാനപ്പെടുമെന്നുള്ള കർത്താവിന്റെ വാക്കുകളും ഓർത്തു. ഇതു കേട്ട യെരൂശലേമിലെ സഭ ജാതികളെ കർത്താവ് അംഗീകരി ച്ചിരിക്കുന്നു എന്ന സത്യം സമ്മതിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. സുവിശേഷം ജാതിമതവ്യത്യാസം കൂടാതെ അറിയിക്കേണ്ടതാണ്. അതു വിശ്വസിക്കുമ്പോൾ പാപികൾ രക്ഷിക്കപ്പെടുന്നു. അവർ ദൈവത്തിനു വിലയേറിയവർ ആണ്.

(11:19-26) സ്തെഫാനൊസിന്റെ മരണത്തെ തുടർന്നുണ്ടായ പീഡ വിശ്വാസികൾ യെരൂശലേമിൽനിന്നും ചിതറിപ്പോകുവാൻ കാരണം ആയി. സുവി ശേഷം എല്ലായിടത്തും വ്യാപിക്കുവാൻ ഈ സംഭവത്തെ കർത്താവ് ഒരു മുഖാന്തരമാക്കി. തൽഫലമായി അവർ അന്ത്യൊക്ക്യ മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. അന്ത്യൊക്ക്യയിൽ വലിയൊരു കൂട്ടം വിശ്വസിച്ചു. അവിടെ ഒരു സഭ ഉണ്ടായി. ജാതികളോടു സുവിശേഷം അറിയിക്കുവാനും പൗലൊസിന്റെ മിഷനറി പ്രവർത്തനത്തിനും പിൻബലമായി അന്ത്യൊക്ക്യ സഭയെ കർത്താവു സ്ഥാപിച്ചു. സുവിശേഷ പ്രവർത്തനങ്ങൾക്കു സ്ഥലം സഭയുടെ സഹകരണവും സഹായവും ആവശ്യമാണ്.

അന്ത്യൊക്ക്യയിലുണ്ടായ ഉണർവ്വിനെക്കുറിച്ചുള്ള വാർത്ത കേട്ട യെരൂശലേമിലെ സഭ സന്തോഷിക്കുകയും ബർന്നബാസിനെ അവിടേക്ക് അയയ്ക്കുകയും ചെയ്തു. വാർത്ത ശരിയാണെന്നു ബോദ്ധ്യമായ ബർന്നബാസ് ദൈവജനത്തെ പ്രോത്സാഹിപ്പിക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്തു. രക്ഷിക്കപ്പെട്ടവർ ആത്മീയമായി വളരുവാൻ ദൈവവചനം പഠിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കിയ ബർന്നബാസ് സഹായത്തിനായി പൗലൊസിനെ കൂട്ടിക്കൊണ്ടുവന്നു. അവർ ഒരു വർഷത്തോളം ദൈവജന ത്തെ ഉപദേശിക്കുകയും സുവിശേഷം മറ്റുള്ളവരെ അറിയിക്കുകയും ചെയ്തു. വിശ്വാസികൾ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകയാൽ അവർക്ക് ക്രിസ്ത്യാനികൾ എന്ന പേർ അന്ത്യൊക്ക്യയിൽ വെച്ചു ലഭിച്ചു. ഈ പേർ പുതിയനിയമത്തിൽ മൂന്നു പ്രാവശ്യം കാണാം (പ്രവൃ. 11:26; 26:28; 1 പത്രൊ. 4:16). ആദ്യം ഒരു പരിഹാസനാമമായിട്ടാണ് ഇത് ഉപയോഗിച്ചിരുന്നത്.

(11:27-30) ആ കാലത്ത് അഗബൊസ് എന്ന പ്രവാചകൻ ലോകം ഒക്കെയും മഹാക്ഷാമം ഉണ്ടാകും എന്ന് ആത്മാവിൽ പ്രവചിച്ചു. അന്ന് എഴുതപ്പെട്ട വചനം ഉണ്ടായിരുന്നില്ല. ദൈവിക അരുളപ്പാടുകൾ പ്രവാചകന്മാർ നൽകിയിരുന്നു. അത്തരത്തിലുള്ള പ്രവാചകന്മാർ ഇന്നില്ല. നാം ദൈവവചനം വായിച്ചു ദൈവിക ആലോചനകൾ ഗ്രഹിക്കണം. അതു വിശദീകരിച്ചു തരുവാൻ ദൈവം ഉപദേഷ്ടാക്കന്മാരെ സഭയ്ക്ക് ഇന്നു നൽകിയിരിക്കുന്നു. അപ്പൊസ്തലന്മാരും പ്രവാചകന്മാരും സഭയുടെ ആരംഭഘട്ടത്തിൽ ഉണ്ടായിരുന്നു; ഇന്നവർ ഇല്ല. വിശ്വാസികൾ

അഗബൊസിന്റെ പ്രവചനം വിശ്വസിച്ചു. യെഹൂദ്യയിലുള്ള വിശ്വാസികളുടെ സഹായത്തിനായി പ്രാപ്തിപോലെ പണം ശേഖരിച്ച് അയച്ചുകൊടുത്തു. അന്ത്യൊക്യ സഭ ഒരു മാതൃകാ സഭയായിരുന്നു. വളരുന്ന സഭ, മിഷനറി സഭ, ആത്മീയ തീക്ഷ്ണതയുള്ള സഭ, സാക്ഷ്യമുള്ള സഭ, സഹായിക്കുന്ന സഭ എന്നീ പ്രത്യേകതകൾ ഇന്നും നമ്മുടെ സഭകൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ ആണ്. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 12

(12:1-10) മഹാനായ ഹെരോദാവിന്റെ കൊച്ചുമകനായ അഗ്രിപ്പാ ഒന്നാ മൻ യെഹൂദന്മാരെ പ്രീതിപ്പെടുത്തുവാൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വധിച്ചു. പത്രൊസിനെ തടവിലാക്കി. സഭ ശ്രദ്ധയോടെ അവനുവേണ്ടി പ്രാർത്ഥന കഴിച്ചു. ദൈവമക്കൾ പീഡിപ്പിക്കപ്പെടുമ്പോൾ ഇന്നു ചെയ്യേണ്ടത് അതാണ്. ഉറങ്ങുന്ന പത്രൊസിനെ ദൂതൻ തട്ടിയുണർത്തി. അവന്റെ കയ്യിൽനിന്നും ചങ്ങല അറ്റുപോയി. ഇരുമ്പുവാതിൽ സ്വയം തുറന്നു. ദൈവം അത്ഭുതം പ്രവർത്തിച്ചു. പത്രൊസ് സ്വതന്ത്രനായി. പ്രാർത്ഥനയുടെ ശക്തി ഇവിടെ കാണാം. ദൈവം തന്റെ ഭക്തന്മാരുടെ പ്രാർത്ഥന കേൾക്കുന്നു. ദൈവത്തിൽ വിശ്വസിച്ചാശ്രയിക്കുന്നവർക്കു കാരാഗൃഹത്തിലും ഉറങ്ങാം. ദൈവത്തിനു പ്രവർത്തിക്കുവാൻ മാനുഷിക പരിമിതികൾ തടസ്സമായിരിക്കുന്നില്ല. ദൈവഹിതത്തെ തടസ്സപ്പെടുത്തുവാൻ ഭൗതിക ശക്തികൾക്കു കഴിയുന്നതല്ല. ഈ പാഠങ്ങൾ ഇവിടെ കാണാം. നാം ജീവിതംകൊണ്ടും മരണംകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുന്നവർ ആകണം.

(12:11-19) തടവിൽനിന്നും അത്ഭുതകരമായി വിടുവിക്കപ്പെട്ട പത്രൊസ് ദൈവജനത്തോടുള്ള കൂട്ടായ്മ ആഗ്രഹിച്ചു. അവൻ മർക്കൊസിന്റെ അമ്മയായ മറിയയുടെ വീട്ടിലേക്കു പോയി. അവിടെ ശിഷ്യന്മാർ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പത്രൊസു വാതില്ക്കൽ മുട്ടി. രോദാ എന്ന ബാല്യക്കാരി അവന്റെ ശബ്ദം തിരിച്ചറിഞ്ഞു. വികാരഭരിതയായ രോദാ വാതിൽ തുറക്കാതെ അകത്തുപോയി 'പത്രൊസ് വാതില്ക്കൽ നില്ക്കുന്നു' എന്നു ശിഷ്യന്മാരോട് അറിയിച്ചു. പക്ഷേ അത് അവർ വിശ്വസിച്ചില്ല. പത്രൊസ് വാതിൽക്കൽ മുട്ടിക്കൊണ്ടേയിരുന്നു. ഒടുവിൽ അവർ വാതിൽ തുറന്നു. പത്രൊസിനെക്കണ്ട് അവർ വിസ്മയിച്ചു. ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുമെന്നു വിശ്വസിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഇതു നമ്മുടെ ബലഹീനതയെ ചൂണ്ടിക്കാണിക്കുന്നു. നാം ബലഹീനരും അവിശ്വസ്തരും ആയാലും കർത്താവു വിശ്വസ്തനായിരിക്കുന്നു. പത്രൊസ് ദൂതൻ മുഖാന്തരം താൻ വിടുവിക്കപ്പെട്ടത് അവരെ അറിയിച്ചു. പത്രൊസു രക്ഷപ്പെട്ടെങ്കിലും കാവൽക്കാർ കൊല്ലപ്പെട്ടു. സ്വന്തം രക്ഷയ്ക്കായി പത്രൊസ് യെരൂശലേം വിട്ടു വേറൊരു സ്ഥലത്തേക്കു പോയി. പത്രൊസിനെ കൊല്ലുവാനുള്ള ശ്രമം വിഫലമായതിനാൽ നിരാശനായ അഗ്രിപ്പാ യെരൂശലേം വിട്ട് കൈസര്യയിലേക്കു പോയി. അങ്ങനെ ക്രിസ്തുസഭയ്ക്കു സമാധാനം ഉണ്ടായി.

(12:20-25) ഹെരോദാ അഗ്രിപ്പാ സോര്യരും സിദോന്യരും തന്നോടു സമാധാനം പുനഃസ്ഥാപിക്കാൻ ആഗ്രഹിക്കുന്നതായി അറിഞ്ഞു. അവർ ഭക്ഷണ സാധനങ്ങൾക്കു ഗലീലയെ ആശ്രയിച്ചിരുന്നു. അങ്ങനെ സന്ധിക്കായി വന്ന അവരുടെ മുമ്പിൽ അഗ്രിപ്പാ വെള്ളികൊണ്ടുള്ള തിളങ്ങുന്ന രാജവസ്ത്രം ധരിച്ചു സന്നിഹിതനായി. അവന്റെ വസ്ത്രം സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങി. അഗ്രിപ്പയുടെ പ്രസംഗം കേട്ടവർ 'ഇതു മനുഷ്യശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ' എന്ന് ആർത്തു. അഗ്രിപ്പാ അതു ശാസിച്ചില്ല. അവൻ ദൈവത്തിനു മഹത്വം കൊടുക്കുന്നതിൽ പരാജയപ്പെട്ടു. തൽക്ഷണം അവൻ മാരക രോഗബാധിതനായി. ചില ദിവസങ്ങൾക്കുശേഷം അവൻ മരിച്ചു. ആത്മീയ സത്യങ്ങൾ അറിഞ്ഞവർ അനുസരിക്കാഞ്ഞാൽ അവർക്കുണ്ടാകുന്ന ശിക്ഷ കഠിനമായിരിക്കും. നാം സകല കാര്യങ്ങളിലും കർത്താവിനു മഹത്വം നൽകുന്നവർ ആയിരിക്കണം. ഇതിന്റെ മദ്ധ്യത്തിൽ ദൈവവചനം മേൽക്കുമേൽ വ്യാപിച്ചുകൊണ്ടിരുന്നു.

## അദ്ധ്യായം 13

(13:1-3) അന്ത്യൊക്യയിലെ സഭയിൽ പല ശുശ്രൂഷകന്മാർ ഉണ്ടായിരുന്നു. അവർ ആത്മീയ പക്വതയും പരിജ്ഞാനവും ഉള്ളവർ ആയിരുന്നു. സഭയ്ക്ക് ഒരു ശുശ്രൂഷകൻ എന്നുള്ളത് പുതിയനിയമ സഭയിൽ പിന്നീട് ഉണ്ടായ സമ്പ്രദായം ആണ്. ദൈവവചനം അന്ന് പ്രവാചകന്മാർ സഭയെ അറിയിച്ചിരുന്നു. എഴുതപ്പെട്ട വചനം അന്നുണ്ടായിരുന്നില്ല. തിരുവെഴുത്തുകൾ രേഖയാക്കിയതിനു ശേഷം ഉപദേഷ്ടാക്കന്മാർ അതു വ്യാഖ്യാനിച്ച് ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിച്ചുപോരുന്നു. സഭയിൽ വർണ്ണവർഗ്ഗ വ്യത്യാസം അന്ന് ഉണ്ടായിരുന്നില്ല. ദൈവമക്കൾ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും പ്രാർത്ഥിച്ചും ദൈവഹിതം അന്വേഷിച്ചിരുന്നു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പും സഹായവും അവർ ആഗ്രഹിച്ചു. ഉപവാസം, ലോകസുഖ സൗകര്യങ്ങൾ ഉപേക്ഷിച്ച് ദൈവത്തിൽ ഏകാഗ്രത ഉള്ളവർ ആകുന്നതിനു സഹായിക്കുന്നു. പരിശുദ്ധാത്മാവു ബർന്നബാസിനേയും ശൗലിനേയും വേലയ്ക്കായി നിയോഗിച്ചു. അതിന്റെ അംഗീകരണം എന്ന നിലയിൽ അവരുടെ മേൽ കൈവച്ച് ജാതികളോടു സുവിശേഷം അറിയിക്കുവാൻ സഭ അവരെ പറഞ്ഞയച്ചു.

(13:4-12) പൗലൊസിന്റെ ഒന്നാം മിഷ്യനറിയാത്രയാണ് ഇനിയും കാണുന്നത് (12:25-14:28). സുവിശേഷം യെരൂശലേമിലും യെഹൂദ്യയിലും ശമര്യ യിലും വ്യാപിച്ചു. ഭൂലോകം ഒക്കെയും അറിയിക്കുവാനുള്ള ദൂതാകുന്നു സുവി

ശേഷം. ആ നിയോഗം നൽകിയ കർത്താവ് അതിനുള്ള കഴിവും നൽകുന്നവ നാണ്. ഒന്നാം മിഷനറിയാത്രയിൽ ബർന്നബാസും ശൗലും സഹായിയായി മർക്കൊസും ഉണ്ടായിരുന്നു. ഏഷ്യാമൈനറിലുള്ള വിവിധ സ്ഥലങ്ങളി ലാണ് ആദ്യം സുവിശേഷം അറിയിച്ചത്. യെഹൂദന്മാരുടെ പള്ളികളിൽ വചനം അറിയിക്കുക അവരുടെ പതിവാ യിരുന്നു. സൈപ്രസ് ദ്വീപിന്റെ തലസ്ഥാന നഗരിയായ പാഫൊസ് എന്ന സ്ഥലത്തു സത്യാന്വേഷിയായ ഗവർണ്ണർ ദൈവവചനം കേൾക്കുവാൻ താല്പര്യപ്പെട്ടു. അതിന് എലീമാസ് എന്ന കള്ളപ്രവാചകൻ തടസ്സം സൃഷ്ടിച്ചു. ശൗൽ പരിശുദ്ധാത്മശക്തിയിൽ അവനെ ശാസിച്ചപ്പോൾ അവൻ അന്ധനായി തീർന്നു. ഇതു കണ്ട ഗവർണ്ണർ വിസ്മയിച്ച് കർത്താവിൽ വിശ്വസിച്ചു. സുവിശേഷം അറിയിക്കുന്നതിനു സാത്താൻ ഇന്നും തടസ്സം സൃഷ്ടിക്കും. അതിനെ പരിശുദ്ധാത്മശക്തിയിൽ നേരിടേണ്ട താകുന്നു.

(13:13-52) തുടർന്ന് അവർ പെർഗ്ഗയിൽ എത്തി. അവിടെവച്ചു മർക്കൊസ് യെരൂശലേമിലേക്കു മടങ്ങിപ്പോയി. അതു പൗലൊസിന് അനിഷ്ടമായി (15:37). ഈ മർക്കൊസാണ് ആത്മീയ പക്വത വന്നതിന്റെ ശേഷം തന്റെ സുവി ശേഷം എഴുതിയത്. ബർന്നബാസിന്റെ സഹായിയായി തീർന്ന മർക്കൊസ് കർത്താവിനു പ്രയോജനമുള്ളവനായി പിൽക്കാലത്തു തീർന്നു (2 തിമൊ. 4:11). പൗലൊസും ബർന്നബാസും പിസിദ്യയിലെ അന്ത്യൊക്ക്യയിലെത്തി. പതിവുപോലെ അവർ ശബ്ബത്തിൽ യെഹൂദന്മാരുടെ പള്ളിയിൽ പോയി. അവിടെ ദൈവവചനം ശുശ്രൂഷിക്കുവാൻ അവർക്ക് അവസരം ലഭിച്ചു. ദൈവഹിതപ്രകാരം കർത്താവിനെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അതി നുള്ള അവസരങ്ങൾ കർത്താവ് ഇന്നും ഒരുക്കുന്നു. പൗലൊസ് ശുശ്രൂഷ യ്ക്കു നേതൃത്വം നല്കുന്നതായി കാണാം. അവൻ യെഹൂദന്മാരുടെ പൂർവ്വചരിത്രം അനുസ്മരിച്ചുകൊണ്ട് യേശുക്രിസ്തു അവരുടെ മശിഹാ ആണെ ന്നു പ്രബോധിപ്പിച്ചു. ദൈവവചനം ഉദ്ധരിച്ചുകൊണ്ട് ക്രിസ്തുവിന്റെ മരണപുനരുത്ഥാനം മൂലം ലഭിക്കുന്ന അനുഗ്രഹ ങ്ങൾ വെളിപ്പെടുത്തി. ന്യായപ്രമാണത്തിന് ആരേയും നീതീകരിക്കുവാൻ കഴിയുന്നതല്ല. കർത്താവായ യേശു വിൽക്കൂടെ മാത്രമേ പാപമോചനവും നീതീകരണവും സമാധാനവും ലഭ്യമാകയുള്ളൂ എന്നു തെളിയിച്ചു. സുവി ശേഷം വിശ്വസിക്കാത്തവരുടെ മേൽ ന്യായവിധി വരുമെന്നു ചൂണ്ടിക്കാണിച്ചു. പൗലൊസിന്റെ പ്രസംഗം ജനത്തെ സ്പർശിച്ചു. ചിലർ വിശ്വസിച്ച് അപ്പൊസ്തലന്മാരെ അനുഗമിച്ചു. അവർ അവരെ കൃപയിൽ നിലനിൽക്കുവാൻ പ്രബോധിപ്പിച്ചു. അടുത്ത ശബ്ബത്തിൽ പിന്നെയും പൗലൊസിന്റെ പ്രസംഗം കേൾക്കുവാൻ ജനം കൂടിവന്നു. അസൂയ നിറഞ്ഞ യെഹൂദന്മാർ അതിനു തടസ്സം സൃഷ്ടിച്ചു. പരിശുദ്ധാത്മ ധൈര്യത്തോടെ പൗലൊസും ബർന്നബാസും സുവിശേഷത്തിന്റെ സാക്ഷ്യം പറഞ്ഞു. ദൈവവചനം യെഹൂദന്മാരോട് ആദ്യം പറയേണ്ടതു ദൈവഹിതമായി രുന്നു. എന്നാൽ അവർ അതു നിരാകരിച്ചതിനാൽ അപ്പൊസ്തലന്മാർ ജാതികളിലേക്കു തിരിയുന്നു എന്നു പറ ഞ്ഞു. വലിയൊരു കൂട്ടം ജാതികൾ സുവിശേഷം കേട്ടു വിശ്വസിച്ചു. അവർ ക്രിസ്തുവിന്റെ സാക്ഷ്യം നാടെങ്ങും വഹിച്ചു. സുവിശേഷം അവഗണിക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ അവസരം പിന്നെ ലഭിച്ചില്ല എന്നു വരാം. അന്ത്യൊക്ക്യയിൽനിന്നും അപ്പൊസ്തലന്മാർ ഇക്കോന്യയിലേക്കു പോയി. എതിർപ്പുകൾ കണ്ട് അപ്പൊസ്തലന്മാർ നിരാശപ്പെട്ടില്ല. അവർ സുവിശേഷം ദൈവശക്തിയാണെന്നു വിശ്വസിച്ചു; രക്ഷിക്കപ്പെട്ട ദൈവജനത്തെ കണ്ടു സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

അപ്പൊസ്തലന്മാരുടെ മാതൃക നമുക്കും അനുകരിക്കാം. ക്രിസ്തുവിനെ പ്രസംഗിക്കുക, പരിശുദ്ധാത്മ ശക്തി യോടെ പ്രബോധിപ്പിക്കുക, ജനം വിശ്വസിക്കുന്നതു കണ്ടു സന്തോഷിക്കുക, നിരാശപ്പെടാതിരിക്കുക, സകലവും കർത്താവിന്റെ മഹത്വത്തിനായി ചെയ്യുക.

## അദ്ധ്യായം 14

(14:1-7) പൗലൊസും ബർന്നബാസും ഇക്കോന്യയിൽ പീഡിപ്പിക്കപ്പെട്ടു. പതിവുപോലെ അവർ യെഹൂദന്മാ രുടെ പള്ളിയിൽ സുവിശേഷം പ്രസംഗിച്ചു. സുവിശേഷത്തെ കൃപയുടെ വചനം എന്ന് ഇവിടെ സൂചിപ്പിച്ചിരിക്കു ന്നു. വലി യൊരു പുരുഷാരം സുവിശേഷം വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും നല്കി സുവിശേഷത്തെ ഉറപ്പിച്ചു. അവിശ്വാസികൾ അപ്പൊസ്തലന്മാരെ അപമാനിക്കാനും കല്ലെറിയാനും ശ്രമം നടത്തി. അതു മനസ്സിലാക്കിയ പൗലൊസും ബർന്നബാസും ലുക്കവോന്യ പട്ടണത്തിലേക്ക് ഓടിപ്പോയി. സുവി ശേഷം പ്രസംഗിക്കുമ്പോൾ ആത്മാക്കൾ രക്ഷിക്കപ്പെടും. അപ്പോൾ തന്നെ എതിർപ്പുകളും ഉണ്ടാകും.

(14:8-21) ലുസ്ത്രയിൽ പൗലൊസ് ഒരു മുടന്തനെ സൗഖ്യമാക്കി. ഇതു കണ്ട ജനം അപ്പൊസ്തലന്മാർ ഗ്രീക്കു ദേവന്മാരായ ഇന്ദ്രനും ബുധനും ആണെന്നു തെറ്റിദ്ധരിച്ചു. അവർ മനുഷ്യർക്കു ദൈവത്വം ഉണ്ടെന്നുള്ള അന്ധവി ശ്വാസത്തിന് അടിമപ്പെട്ടിരുന്നു. അപ്പൊസ്തലന്മാരുടെ ബഹുമാനാർത്ഥം മൃഗങ്ങളെ ബലികഴിക്കുവാൻ ജനം ശ്രമി ച്ചു. അപ്പൊസ്തലന്മാർ വസ്ത്രം കീറിക്കൊണ്ട് അതിനെ തടഞ്ഞു. ദൈവം മാത്രം ആരാധ്യനാകുന്നു. സന്ദർഭോ ചിതമായി സുവിശേഷം അറിയിക്കുവാൻ അവർ ശ്രമിച്ചു. അവർ താഴ്മയുള്ളവർ ആയിരുന്നു. ജനത്തോടുള്ള ഏകീഭാവം അവർ വ്യക്തമാക്കി. ജീവനുള്ള ദൈവം സകലത്തിന്റേയും സ്രഷ്ടാവാണെന്നും അവൻ മുഖ പക്ഷം കൂടാതെ ലൗകിക അനുഗ്രഹങ്ങൾ നൽകുന്നു എന്നും പ്രസ്താവിച്ചു. മിത്ഥ്യാമൂർത്തികളെ സേവിക്കുന്നതു വ്യർത്ഥ മാണ്. ദൈവം കരുതുന്നവനും ദീർഘക്ഷമയുള്ളവനുമാകുന്നു. പ്രകൃതിയിലുള്ള അത്ഭുത ങ്ങൾ ദൈവത്തെ വെളി പ്പെടുത്തുന്നു. ആ ദൈവം സുവിശേഷം കേട്ട് എല്ലാ വരും രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു. ഈ ഘട്ടത്തിൽ അന്ത്യൊക്ക്യയിൽ നിന്നും ഇക്കോന്യയിൽനിന്നും വന്ന യെഹൂദന്മാർ ജനത്തെ ഇളക്കി പൗലൊസിനെ കല്ലെറി

ഞ്ഞു. അവൻ മരിച്ചു എന്നു കരുതി അവനെ പട്ടണത്തിനു പുറത്തേക്കു വലിച്ചിഴച്ചു. ദൈവം അവനെ അത്ഭുതകരമായി വിടുവിച്ചു. ശിഷ്യന്മാർ ചുറ്റിനില്ക്കയിൽ അവൻ എഴുന്നേറ്റു പട്ടണത്തിൽ പോയി; പിറ്റേന്ന് ബർന്നബാസിനോടുകൂടെ ദെർബ്ബയ്ക്കു പോയി. അവിടെ സുവി ശേഷം അറിയിക്കുകയും പലരെയും ശിഷ്യന്മാരാക്കുകയും ചെയ്തു.

(14:22-28) തുടർന്ന് അപ്പൊസ്തലന്മാർ സുവിശേഷം അറിയിച്ച സ്ഥലങ്ങൾ സന്ദർശിച്ച് വിശ്വാസികളെ ദൈവവചനത്തിൽ ഉറപ്പിച്ചു; വിശ്വാസത്തിനു വേണ്ടി കഷ്ടം സഹിച്ചു ദൈവരാജ്യത്തിൽ പ്രവേശിക്കണം എന്നു പ്രബോധിപ്പിച്ചു (2 തിമൊ. 3:12). കൂടാതെ അവർ സഭകൾ തോറും മൂപ്പന്മാരെ നിയമിച്ചു. സഭയ്ക്ക് ഏക ശുശ്രൂഷകൻ അഥവാ പാസ്റ്റർ എന്നുള്ള ഉപദേശം വേദാനുസരണം അല്ല. ദൈവജനത്തെ ആത്മീയമായി ശുശ്രൂഷിക്കുന്നവർക്കുള്ള യോഗ്യതകൾ പൗലൊസു നൽകിയിട്ടുണ്ട് (1 തിമൊ. 3). ഇന്നു സഭ സ്വയം ഭരണാവകാശമുള്ളതാണ്. ഓരോ സഭയ്ക്കും മൂപ്പന്മാർ ഉണ്ട്. അവരെ പരിശുദ്ധാത്മാവാണ് നിയമിച്ചിരിക്കുന്നത്. അവരെ മനസ്സിലാക്കി അനുസരിക്കുവാൻ വിശ്വാസികൾ കടപ്പെട്ടവർ ആണ് (പ്രവൃ. 20:28; 1 തെസ്സ. 5:12,13).

അങ്ങനെ ഒന്നാം മിഷനറിയാത്ര അവസാനിച്ചു. മാതൃസഭയായ അന്ത്യൊക്യയിൽ അപ്പൊസ്തലന്മാർ എത്തി. വിശ്വാസികളോടു കർത്താവ് അവരിൽക്കൂടി ചെയ്ത കാര്യങ്ങൾ വിശദീകരിച്ചു. ദൈവം വാതിൽ തുറന്നതും ജാതികൾ മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ടതും കേട്ടു ദൈവജനം സന്തോഷിച്ചു.

ഇന്നും സുവിശേഷ പ്രവർത്തനത്തിൽ നാം അനുകരിക്കേണ്ട അനേക മാതൃകകൾ ഇവിടെ കാണാം. ക്രിസ്തുവിനെ പ്രസംഗിക്കുക, പരിശുദ്ധാത്മാ വിൽ ആശ്രയിക്കുക, ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുക, എതിർപ്പുകൾ കണ്ടു നിരാശപ്പെടാതിരിക്കുക, സന്ദർഭോചിതമായി സുവിശേഷം അറിയിക്കുക, രക്ഷിക്കപ്പെട്ടവരെ വിശ്വാസത്തിൽ ഉറപ്പിക്കുക, മാതൃസഭയുടെ സഹകരണവും കടപ്പാടും അനുഭവിക്കുക, സർവ്വോപരി സകലത്തിലും കർത്താവിനു മഹത്വം നൽകുക എന്നീ സ്വഭാവങ്ങൾ നമ്മുടെ സുവിശേഷ പരിശ്രമങ്ങളിൽ ഉണ്ടായിരിക്കട്ടെ.

## അദ്ധ്യായം 15

(15:1-6) യെരൂശലേം കൗൺസിൽ ആണ് ഈ അദ്ധ്യായത്തിലെ വിഷയം. ജാതികളുടെ ഇടയിൽ നിരവധി സഭകൾ ഉണ്ടായി. അവർ പരിച്ഛേദന ഏറ്റ് ന്യായപ്രമാണം അനുസരിക്കണം എന്നു യെഹൂദവാദികൾ ഉപദേശിച്ചു. യെഹൂദ പശ്ചാത്തലത്തിൽനിന്നും വിശ്വസിച്ചുവന്നവരും യെരൂശലേം സഭയിൽ ഉൾപ്പെട്ടവരുമായിരുന്നു ഇവർ. അന്ത്യൊക്യയിൽ വന്ന്, ക്രിസ്തുവിൽ വിശ്വസിക്കമാത്രം പോരാ ന്യായപ്രമാണം അനുസരിക്കുകയുംകൂടെ ചെയ്യണം എന്ന് ഇവർ ഉപദേശിച്ചു. പൗലൊസും ബർന്നബാസും അവരുടെ ഉപദേശത്തെ എതിർത്തു. ഈ എതിർപ്പിനു തീർപ്പു വരുത്തുവാൻ സഭ പൗലൊസിനെയും ബർന്നബാസിനെയും യെരൂശലേമിൽ അപ്പൊസ്തലന്മാരുടെ അടുക്കൽ അയച്ചു. അവരുടെ യാത്രയുടെ ഇടയിലും ജാതികൾ രക്ഷിക്കപ്പെട്ടതു സാക്ഷിക്കുവാൻ അവർ ഉത്സാഹമുള്ളവർ ആയിരുന്നു. അതു കേട്ടവർ സന്തോഷിച്ചു. യെരൂശലേമിൽ എത്തിയ പൗലൊസിനേയും ബർന്നബാസിനേയും സഭ സ്വാഗതം ചെയ്തു. ദൈവമക്കൾ അന്യോന്യം സ്വാഗതം ചെയ്യുന്നവർ ആയിരിക്കണം. ദൈവം തങ്ങളോടു കൂടെ ഇരുന്നു ചെയ്തതൊക്കെയും അവർ സഭയെ അറിയിച്ചു. നമ്മുടെ ശുശ്രൂഷകൾ കർത്താവിനു മഹത്വം നൽകുന്നതായിരിക്കണം. പരീശപക്ഷത്തുനിന്നും വിശ്വസിച്ചുവന്നവർ, വിശ്വസിക്കമാത്രം പോരാ ന്യായപ്രമാണം ആചരിക്ക കൂടെ ചെയ്യണം എന്നു നിർബന്ധിച്ചു. ഈ തർക്കത്തിനു പരിഹാരം വരുത്തുവാൻ അപ്പൊസ്തലന്മാരും മൂപ്പന്മാരും ആലോചന കഴിച്ചു. അവരുടെ അഭിപ്രായം സഭയെ അറിയിക്കുകയും സഭയായി ഒരു തീരുമാനത്തിൽ എത്തുകയും ചെയ്തു (15:6,12,22). ഈ മാതൃക നാമും അനുകരിക്കേണ്ടതാണ്.

പത്രൊസിന്റെ പ്രസംഗമാണ് 7-11 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. ജാതികളോടു സുവിശേഷം അറിയിക്കുവാൻ പത്രൊസിനു ദൈവനിയോഗം ലഭിച്ചു. ദൈവം അവരുടെ ഹൃദയം തുറന്നു. സുവിശേഷം വിശ്വസിച്ചവർ രക്ഷിക്കപ്പെട്ടു. ദൈവത്തിനു മുഖപക്ഷമില്ല. ജാതികൾ രക്ഷിക്കപ്പെടുവാൻ ന്യായപ്രമാണം അനുസരിക്കേണ്ടതില്ല. ന്യായപ്രമാണം അനുസരിച്ച് ആർക്കും രക്ഷിക്കപ്പെടാവുന്നതല്ല. രക്ഷ കൃപയാൽ വിശ്വാസം മൂലമാണ്. പത്രൊസിന്റെ സാക്ഷ്യം കേട്ടവർ മൗനമായിരുന്നു. തുടർന്നു ബർന്നബാസും പൗലൊസും അവരുടെ സാക്ഷ്യം പറഞ്ഞു (15:12). ദൈവം തങ്ങളിൽക്കൂടെ ജാതികളുടെ ഇടയിൽ ചെയ്ത കാര്യങ്ങളാണ് അവർ പറഞ്ഞത്. നമ്മുടെ സാക്ഷ്യം ക്രിസ്തുവിനു മഹത്വം നൽകുന്നതായിരിക്കണം.

(15:13-34) അനന്തരം കർത്താവിന്റെ സഹോദരനും യെരൂശലേം സഭയുടെ മൂപ്പനുമായിരുന്ന യാക്കോബ് തന്റെ അഭിപ്രായം സഭയെ അറിയിച്ചു. പത്രൊസിന്റെ സാക്ഷ്യം അംഗീകരിച്ചുകൊണ്ട് ജാതികളോടു സുവിശേഷം അറിയിക്കുന്നതു ദൈവഹിതം ആണെന്നു പ്രസ്താവിച്ചു. അതു സഭാകാലയളവിൽ സംഭവിക്കും. എന്നാൽ ക്രിസ്തു രണ്ടാമതു വരുമ്പോൾ ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കും. അന്ന് എല്ലാ യിസ്രായേലും രക്ഷിക്കപ്പെടും. ജാതികളിൽനിന്ന് രക്ഷിക്കപ്പെട്ടവരും അന്ന് ഉണ്ടായിരിക്കും. അതുകൊണ്ടു ജാതികളിൽനിന്നും വന്നവർ പരിച്ഛേദന ഏൽക്കേണ്ടതില്ല. എന്നാൽ വിഗ്രഹങ്ങൾ ക്ക് അർപ്പിച്ചതും ശ്വാസം മുട്ടി ചത്തതുമായ മാംസം ഭക്ഷിക്കരുത്. അതുപോലെ തന്നെ പരസംഗം പാടില്ല എന്നു പറഞ്ഞു. അപ്പൊസ്തലന്മാർക്കും മൂപ്പന്മാർക്കും സഭയ്ക്കും ഈ അഭിപ്രായം യോഗ്യമായി തോന്നി. ഈ തീരുമാനം എഴുതി യൂദാ, ശീലാസ് എന്നീ യെരൂശലേം സഭയിലെ പ്രധാന സഹോദരന്മാരെ പൗലൊസിനോടും ബർന്നബാസിനോടും കൂടെ അന്ത്യൊ ക്യയിലേക്ക് അയച്ചു. അവർ സഭയെ വിവരം

അറിയിക്കുകയും, സഭ സന്തോഷിക്കുകയും ചെയ്തു.

പൗലൊസിന്റെ രണ്ടാം മിഷനറിയാത്രയാണ് 15:35 മുതൽ കാണുന്നത്. ഒന്നാം മിഷനറിയാത്രയിൽ സ്ഥാപിച്ച സഭകൾ സന്ദർശിക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ മർക്കൊസിനെ കൂട്ടിക്കൊണ്ടുപോകുന്നതു സംബന്ധിച്ചു പൗലൊസും ബർന്നബാസും തമ്മിൽ ഭിന്നത ഉണ്ടായി. അവർ മാനുഷിക ബലഹീനതകൾക്ക് അടിമകളായിരുന്നു. അതും സുവിശേഷം ലോകവ്യാപകമായി പടരുവാൻ ദൈവം മുഖാന്തരമാക്കി തീർത്തു. പിൽക്കാലത്ത് ഈ അഭിപ്രായഭിന്നത മാറുകയും പൗലൊസിന്റെ പ്രവർത്തനങ്ങൾക്കു പ്രയോജനമുള്ളവനായി മർക്കൊസിനെ അംഗീകരിക്കുകയും ചെയ്തു (2 തിമൊ. 4:11). ബർന്നബാസ് മർക്കൊസിനോടുകൂടെ കുപ്രൊസു ദ്വീപിലേക്കും പൗലൊസു ശീലാസിനോടുകൂടെ സിറിയയിലേക്കും പോയി. അവർ സഭകളിൽ വിശ്വാസികളെ വചനത്തിൽ ഉറപ്പിച്ചു. ഇവിടെ ശിഷ്യത്വ ശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാണ്.

## അദ്ധ്യായം 16

(16:1-5) പൗലൊസിന്റെ രണ്ടാം മിഷ്യനറിയാത്രയിൽ ലുസ്ത്രയിൽ വെച്ചു തിമൊഥെയൊസിനെ കണ്ടെത്തി. അവന്റെ അപ്പൻ യവനനും അമ്മ യെഹൂദസ്ത്രീയും ആയിരുന്നു. പൗലൊസിന്റെ ഒന്നാം മിഷ്യനറിയാത്രയിൽ ആയിരിക്കണം തിമൊഥെയൊസും മാതാവും ക്രിസ്തുവിൽ വിശ്വസിച്ചത്. അവൻ നല്ല സാക്ഷ്യമുള്ളവൻ ആയിരുന്നു. പൗലൊസിനോടുകൂടെ പോകുവാൻ അവനെ തിരഞ്ഞെടുത്തു. അങ്ങനെ പൗലൊസിന്റെ സഹപ്രവർത്തകനായി തിമൊഥെയൊസിനെ തുടർന്നു കാണാം. 'വിശ്വാസത്തിൽ നിജപുത്രൻ' എന്ന ബന്ധവും പൗലൊസിനു തിമൊഥെയൊസിനോടുണ്ടായിരുന്നു. സുവിശേഷം യെഹൂദന്മാരോട് അറിയിക്കുന്നതിനു സഹായം എന്ന നിലയിൽ തിമൊഥെയൊസു പരിച്ഛേദന ഏറ്റു. ഈ മിഷ്യനറിയാത്രയിൽ പൗലൊസും ശീലാസും തിമൊഥെയൊസും ഉൾപ്പെട്ടിരുന്നു. അവർ സഭകൾ സന്ദർശിച്ച് യെരൂശലേം കൗൺസിലിന്റെ തീരുമാനം അറിയിക്കുകയും വിശ്വാസികൾ ശക്തിപ്പെടുകയും ചെയ്തു.

മക്കെദോന്യ വിളി (16:6-12). പൗലൊസും സഹപ്രവർത്തകരും ഏഷ്യാമൈനറിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അതിനെ പരിശുദ്ധാത്മാവു വിലക്കി. അങ്ങനെ ത്രോവാസിൽ എത്തി. അവിടെവച്ച് മക്കെദോന്യക്കാരനായ ഒരു പുരുഷൻ വന്ന് 'ഞങ്ങളെ സഹായിക്കുക' എന്നു പറയുന്ന ഒരു ദർശനം പൗലൊസിനുണ്ടായി. പാശ്ചാത്യലോകം സുവിശേഷം കേൾക്കുവാൻ ഇതു മുഖാന്തരമായി. സുവിശേഷം കേൾക്കാത്തവർ ഇന്നും കഴിക്കുന്ന അപേക്ഷ 'കടന്നുവന്നു സഹായിക്കുക' എന്നുള്ളതാണ്. ആ അഭ്യർത്ഥന കേൾക്കുവാൻ നമുക്കു മനസ്സുണ്ടോ? പൗലൊസു ദൈവിക നടത്തിപ്പായി ഇതു മനസ്സിലാക്കി. അങ്ങനെ യൂറോപ്പിൽ സുവിശേഷം എത്തി. ഇവിടം മുതൽ പൗലൊസിനോടും ശീലാസിനോടും കൂടെ ലൂക്കൊസും ഉണ്ടായിരുന്നു.

(16:13-34) യൂറോപ്പിൽ ആദ്യം സുവിശേഷം അറിയിച്ചത് ഫിലിപ്പ്യയിൽ ആണ്. അത് ഒരു റോമാപട്ടണം ആയിരുന്നു. സ്വർണ്ണഖനികൾ ഉള്ള ഒരു മിലിറ്ററി കോളനിയായിരുന്നു ഇത്. യെഹൂദന്മാർ ഇല്ലാത്ത ഒരു സ്ഥലം. സുവിശേഷം ആദ്യം അറിയിച്ചത് പുഴവക്കത്തുവച്ചായിരുന്നു. ലുദിയാ എന്ന സ്ത്രീ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു. ഏകദൈവവിശ്വാസിയും സമ്പന്ന യുമായ തുയത്തൈരക്കാരിയായ ഇവൾ ഫിലിപ്പ്യയിൽ വന്നു സുവിശേഷം കേട്ടു രക്ഷിക്കപ്പെടുകയും യൂറോപ്പിലെ ആദ്യത്തെ സഭ അവളുടെ ഭവന ത്തിൽ ഉണ്ടാകുകയും ചെയ്തു. ദൈവം പ്രവർത്തിക്കുന്നത് ആശ്ചര്യം നല്കുന്ന വിധത്തിലത്രെ. രണ്ടാമതായി രക്ഷിക്കപ്പെട്ടതു ദുരാത്മാവുള്ള ഒരു അടിമപ്പെൺകുട്ടിയായിരുന്നു. അവൾ ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് ആദായം ഉണ്ടാക്കുന്നവൾ ആയിരുന്നു. പൗലൊസ് അവളെ ക്രിസ്തുവിന്റെ നാമത്തിൽ സൗഖ്യമാക്കി. ബിസിനസിനു ഹാനി വന്നതുമൂലം അവളുടെ യജമാനന്മാർ അപ്പൊസ്തലന്മാർക്കെതിരെ ആരോപണം ഉന്നയിച്ചു. വിചാരണ കൂടാതെ അവരെ അപമാനിച്ച് കാൽ ആമത്തിലിട്ട് കാരാഗൃഹത്തിൽ ഇട്ടു. വളരെ അടിയും അപമാനവും വേദനയും അനുഭവിക്കുന്നവർ എങ്കിലും പൗലൊസും ശീലാസും അർദ്ധരാത്രിയിൽ ഉച്ചത്തിൽ പാടി ദൈവത്തെ സ്തുതിച്ചു. ഇത് ആർക്കു കഴിയും? മരണത്തെ ജയിച്ച ക്രിസ്തുവിന്റെ ശക്തിയും സമാധാനവും അവരെ ഭരിച്ചു. പെട്ടെന്നു വലിയ ഒരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നു. ചങ്ങലകൾ അഴിഞ്ഞുവീണു. തടവുകാർ ചാടിപ്പോയി എന്നു ചിന്തിച്ച കാരാഗൃഹപ്രമാണി ആത്മഹത്യയ്ക്ക് ഒരുങ്ങി. പൗലൊസ് അതു തടഞ്ഞു. 'ആരും ഓടിപ്പോയില്ല' എന്നു പറഞ്ഞു. കാരാഗൃഹപ്രമാണി ഇതുകേട്ടു പൗലൊസിന്റെ കാല്ക്കൽ വീണു. അവന്റെ ചോദ്യം ശ്രദ്ധേയമത്രേ: "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?" "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും" എന്നു പൗലൊസ് മറുപടി പറഞ്ഞു. ഇന്നും രക്ഷിക്കപ്പെടുന്നതു ക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിക്കു ന്നതു മൂലമാകുന്നു. രക്ഷ ദൈവത്തിന്റെ ദാനം ആണ്. അതു പ്രവർത്തിച്ചു സമ്പാദിക്കാവുന്നതല്ല. ദൈവം ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽ ക്കൂടി അതു സർവ്വലോകത്തിനും ഒരുക്കിയിരിക്കുന്നു. അതു വിശ്വസിക്കു മ്പോൾ രക്ഷിക്കപ്പെടും. അപ്പോൾ കാരാഗൃഹപ്രമാണിയെപ്പോലെ ജീവിതത്തിൽ പരിവർത്തനം ഉള്ളവർ ആകും. ദൈവദാസന്മാരെ ഭവനത്തിൽ സ്വീകരിച്ച് ആതിഥ്യം നൽകുന്ന കാരാഗൃഹപ്രമാണി! വീടടക്കം ആനന്ദിക്കുന്നു.

(16:35-40) ജയിലിൽ സംഭവിച്ചതു കേട്ട അധികാരികൾ പൗലൊസും ശീലാസും റോമൻ പൗരന്മാർ ആകുന്നു എന്നു കേട്ട് ഭയപ്പെട്ടു. വിചാരണ കൂടാതെ ശിക്ഷിക്കുക, ചമ്മട്ടികൊണ്ട് അടിക്കുക, ക്രൂശുമരണം എന്നിവ അവർക്കു നിരോധിച്ചിരുന്നു. പൗലൊസ് ആവശ്യപ്പെട്ടതനുസരിച്ച് ഒടുവിൽ അധികാരികൾ തന്നെ വന്ന് അവരെ ജയിലിൽനിന്നും പുറത്തുകൊണ്ടുവന്നു; പട്ടണം വിട്ടുപോകണം എന്ന് അവർ അപേക്ഷിച്ചു. പൗലൊസും സഹപ്രവർത്തകരും ലുദിയയുടെ ഭവനത്തിൽ ചെന്നു വിശ്വാസികളെ പ്രോത്സാഹിപ്പിച്ചു. അവരുടെ ആത്മിക വളർച്ചയ്ക്കായി ലൂക്കൊസിനെ അവിടെ വിട്ടിട്ട് തെസ്സലൊനീക്യയിലേക്കു പോയി. രണ്ടു വർഷങ്ങൾക്കു ശേഷം പൗലൊസ് വീണ്ടും ഫിലിപ്പ്യ സന്ദർശിച്ചപ്പോൾ ലൂക്കൊസു പൗലൊസിനോടു ചേർന്നു. രക്ഷിക്കപ്പെട്ട ദൈവമക്കൾ ആത്മീയമായി വളരുവാൻ ആഗ്രഹിക്കയും സഹായിക്കയും ചെയ്യുവാൻ നാം കടപ്പെട്ടവർ ആകുന്നു. അതിനു ലൂക്കൊസിനെപ്പോലെയുള്ള ദൈവദാസന്മാരുടെ ശുശ്രൂഷകൾ സഹായിക്കുന്നതാണ് (പ്രവൃ. 20:1-6).

രക്ഷിക്കപ്പെട്ടവരുടെ സമൂഹമാകുന്നു സഭ. രക്ഷിക്കപ്പെടുവാൻ പരി ശുദ്ധാത്മാവിന്റെ നടത്തിപ്പും, ശക്തിയും ലഭിച്ചവർ ദൈവവചനം ഘോഷിക്കണം. വചനം കേൾക്കുമ്പോൾ ഹൃദയം ക്രിസ്തുവിനായി തുറന്നു കൊടുക്കണം. അവർ ദൈവവചനം അനുസരിക്കണം. ക്രിസ്തുവിനുവേണ്ടി കഷ്ടവും അപമാനവും അനുഭവിക്കുവാൻ മനസ്സുള്ളവർ ആകണം. ക്രിസ്തുവിനുവേണ്ടി ഭവനവും സുഖസൗകര്യങ്ങളും ചെലവാക്കാൻ മനസ്സുണ്ടാകണം. ക്രിസ്തുവിൽ സന്തോഷിക്കുന്നവർ ആകണം. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 17

(17:1-9) ഫിലിപ്പ്യയിൽനിന്നും പൗലൊസും ശീലാസും തെക്കുപടിഞ്ഞാറോട്ടു യാത്രചെയ്തു തെസ്സലൊനീക്യയിൽ എത്തി. സലൊനീക്യ എന്ന പേരിൽ ഈ പട്ടണം ഇന്ന് അറിയപ്പെടുന്നു. യെഹൂദന്മാർ വസിച്ചിരുന്ന ഒരു വ്യാപാരകേന്ദ്രമായിരുന്നു ഇത്. പതിവുപോലെ പൗലൊസു സിനഗോഗിൽ ചെന്നു ക്രിസ്തുവിനെ പ്രസംഗിച്ചു. പലരും ക്രിസ്തുവിൽ വിശ്വ സിച്ചു. യവനന്മാരിൽ പലരും ഭക്തിയുള്ള അനേകം സ്ത്രീകളും വിശ്വസിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. യെഹൂദന്മാർ ഇതുകണ്ട് അസൂയപ്പെട്ടു. ലോകത്തെ കലഹിപ്പിക്കുന്നവരും കൈസർക്കു പ്രതികൂലമായി പ്രവർത്തിക്കുന്നവരും എന്നു പറഞ്ഞു പൗലൊസിനെയും ശീലാസിനെയും കുറിച്ച് ആരോപിച്ചു. വിശ്വാസികൾ പീഡ അനുഭവിക്കേണ്ടി വന്നു. ഒടുവിൽ യാസോൻ മുതലായവരിൽനിന്നും ജാമ്യം വാങ്ങി അവരെ വിട്ടയച്ചു. ചുരുങ്ങിയ ആഴ്ചകൾകൊണ്ട് ഒരു മാതൃകാസഭ ഉണ്ടായി. വിഗ്രഹങ്ങളെ വിട്ട് അവർ ക്രിസ്തുവിങ്കലേക്കു തിരിഞ്ഞു. അവരുടെ വിശ്വാസം പ്രസിദ്ധമായി. പീഡയെക്കുറിച്ചും ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചും മുന്നറിവു നൽകുന്ന രണ്ടു ലേഖനങ്ങൾ പൗലൊസ് അവർക്ക് എഴുതി. അവരുടെ ആത്മീയ വർദ്ധന വിനായി തിമൊഥെയൊസിനെ പിന്നെ അവിടേക്ക് അയച്ചു (1 തെസ്സ. 3:5).

(17:10-15) പൗലൊസും സഹപ്രവർത്തകരും തെസ്സലൊനീക്യയിൽ നിന്നും ബെരോവയിലെത്തി. അവർ വചനം കേൾക്ക മാത്രമല്ല അതു സത്യമാകുന്നുവോ എന്നു പരിശോധിക്കുകയും ചെയ്യുന്നവർ ആയിരുന്നു. പലരും ക്രിസ്തുവിൽ വിശ്വസിച്ചു. ഇതുകേട്ട യെഹൂദന്മാർ ബെരോവയിലും വന്നു ബഹളം ഉണ്ടാക്കി. സഹോദരന്മാർ ഉടനെ പൗലൊസിനെ അഥേനയോളം കൊണ്ടുപോയി അവിടെ ആക്കി. ശീലാസിനെയും തിമൊഥെയൊസിനെയും ബെരോവയിൽ വിശ്വാസികളെ ഉറപ്പിക്കുവാൻ നിയോഗിച്ചു.

(17:16-34) അഥേന തത്വജ്ഞാനത്തിനും വിഗ്രഹാരാധനയ്ക്കും പ്രസിദ്ധി കേട്ട നഗരം ആയിരുന്നു. ഈ സ്വതന്ത്ര നഗരം തത്വജ്ഞാനം, രാഷ്ട്രീയ ചിന്ത എന്നിവയ്ക്കും പ്രാധാന്യം നൽകിയിരുന്നു. എപ്പിക്കൂര്യർ എന്ന ഭൗതികവാദികളും സ്തോയിക്കർ എന്ന പ്രപഞ്ചദേവതാവാദികളും പാർത്തിരുന്ന സ്ഥലമാണ് ഇത്. മനുഷ്യരേക്കാൾ കൂടുതൽ വിഗ്രഹങ്ങൾ അഥേനയിൽ ഉണ്ടായിരുന്നു. ഈ വിഗ്രഹങ്ങളെ കണ്ടു പൗലൊസു ഹൃദയത്തിൽ ഭാരമുള്ളവനായി ചന്തസ്ഥലത്തു ജനത്തോടു ക്രിസ്തുവിനെക്കുറിച്ചു സംഭാഷിച്ചു. സംഭാഷണത്തിൽക്കൂടി വിഷയങ്ങൾ അവതരിപ്പിക്കുന്നതു ഗ്രീക്കു തത്വചിന്ത കന്മാരുടെ സമ്പ്രദായം ആയിരുന്നു. തത്വജ്ഞാനികൾക്കു ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം വെറും കഥയായി തോന്നി. പൗലൊസിനെ വിടുവായൻ എന്നു കരുതി. അവർ പൗലൊസിനെ നഗരസഭയായ അരയോപഗ കുന്നിൽ കൊണ്ടുപോയി. അവിടെയുള്ള മാഴ്സ് ഹില്ലിൽ നിന്നുകൊണ്ടു മതകോടതിയോടു പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടു. പുതിയ അറിവു സമ്പാദിക്കാനാണ് അവർ അങ്ങനെ ചെയ്തത്.

പൗലൊസിന്റെ പ്രസംഗം ശ്രദ്ധേയമാണ്. അവൻ ബഹുമാനത്തോടെ അവരെ സംബോധന ചെയ്തു. അവിടെയുള്ള വിഗ്രഹങ്ങളും ക്ഷേത്രങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ ആരാധിക്കുന്നത് അജ്ഞാതദേവനെയാണെന്നു ചൂണ്ടിക്കാണിച്ചു. സത്യദൈവം സകലത്തേയും സൃഷ്ടിച്ചവനും, എല്ലാറ്റിനും ജീവനും സംരക്ഷണവും നൽകുന്നവനും ആണ്. സകലവും സൃഷ്ടിച്ച ദൈവം മനുഷ്യനിർമ്മിതമായ ക്ഷേത്രങ്ങളിൽ വസിക്കുന്നവനല്ല. അവൻ ആർക്കും അകന്നിരിക്കുന്നില്ല. ദൈവം ആത്മാവാകുന്നു. അവനു പ്രതിമ ഉണ്ടാക്കുന്നതു ഭോഷത്തമാണ്. ഇതൊക്കെയും മനുഷ്യർ ചെയ്യു ന്നതു അവരുടെ അജ്ഞത മൂലമാണ്. ഇന്നു ദൈവം അതു കണക്കിടുന്നില്ല. ദൈവം ക്രിസ്തുവിൽ വെളിപ്പെട്ടിരിക്കുന്നു. അതുകൊണ്ട് എല്ലാവരും പാപത്തെക്കുറിച്ചു പശ്ചാത്തപിച്ച് ക്രിസ്തുവിൽ വിശ്വസിക്കണം എന്നു ദൈവം കല്പിക്കുന്നു. ക്രിസ്തു മനുഷ്യന്റെ പാപത്തിനു പ്രായശ്ചിത്തമായി മരിച്ച് ഉയിർത്തെഴുന്നേറ്റു. ക്രിസ്തു ന്യായവിധിക്ക് അധികാരം ഉള്ളവനാണ്. അവൻ ലോകത്തെ നീതിയിൽ ന്യായം വിധിക്കും. പൗലൊസിന്റെ മുഖ്യവിഷയം ക്രിസ്തുവിന്റെ പുനരുത്ഥാനം ആയിരുന്നു. അതു കേട്ടു ചിലർ പരിഹ

സിച്ചു. മറ്റു ചിലർ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടു. ഇന്നും സുവിശേഷം നശിച്ചുപോകുന്നവർക്കു ഭോഷത്തമാകുന്നു. എന്നാൽ രക്ഷിക്കപ്പെടുന്നവർക്ക് അതു ദൈവശക്തിയാണ്. ദൈവാത്മാവിന്റെ സഹായം കൂടാതെ ആർക്കും ക്രിസ്തുവിൽ വിശ്വസിക്കുവാൻ കഴിയുന്നതല്ല. അഥേന യിൽ ചിലർ വിശ്വസിച്ചെങ്കിലും ഒരു സഭ അവിടെ ഉണ്ടായതായി കാണുന്നില്ല. അഥേനയിൽനിന്നും കൊരിന്തിലേക്കു പൗലൊസു പോയതായി തുടർന്നു കാണാം.

## അദ്ധ്യായം 18

കൊരിന്ത് ധനസമൃദ്ധി, ഗതാഗതസൗകര്യം, വിനോദം, തത്വജ്ഞാനം എന്നിവയ്ക്കു കീർത്തികേട്ട ഒരു വ്യവസായ കേന്ദ്രമായിരുന്നു. വീനസ് ദേവിയുടെ ക്ഷേത്രം ഇവിടെ സ്ഥിതിചെയ്തിരുന്നു. ആ ക്ഷേത്രത്തിൽ ആയിരം ദേവദാസികൾ ഉണ്ടായിരുന്നു. അങ്ങനെ ലൈംഗിക പാപപരിചയങ്ങൾക്കു കുപ്രസിദ്ധി നേടിയ പട്ടണമായിരുന്നു ഇത്. അങ്ങനെയുള്ള കൊരിന്തിലാണ് പൗലൊസ് സുവിശേഷത്തിന്റെ സാക്ഷി ആയത്. സുവിശേഷം പാപികൾക്കുള്ള രക്ഷാസന്ദേശം ആകുന്നു.

(18:1-11) കൊരിന്തിൽ എത്തിയ പൗലൊസ് അക്വിലാസ്-പ്രിസ്ക്കില്ല എന്നീ ദമ്പതികളെ കണ്ടുമുട്ടി. അവർ റോമാനഗരം വിട്ടുപോകേണ്ടിവന്ന എബ്രായ ക്രിസ്ത്യാനികൾ ആയിരുന്നു. കൂടാരപ്പണിയായിരുന്നു അവരുടെ തൊഴിൽ. പൗലൊസും കൂടാരപ്പണി അഭ്യസിച്ചിരുന്നതുകൊണ്ട് അവരോടുകൂടെ പാർത്തു. പൗലൊസ് ശബ്ബത്തുതോറും സിനഗോഗിൽ ക്രിസ്തുവിനെ പ്രസംഗിച്ചു. എന്നാൽ യെഹൂദന്മാർ പൗലൊസിനെ എതിർത്തു. അവരുടെ എതിർപ്പും ദുഷിയും കാരണം പൗലൊസ് ജാതികളോടു പ്രസംഗിക്കുവാൻ തുടങ്ങി. സുവിശേഷം നിത്യം നിരസിക്കുകയും ദുഷിക്കുകയും ചെയ്യുന്നവർക്ക് അതു നാശകാരണമായി ഭവിക്കും. പൗലൊസ് തീത്തൊസ് യുസ്തൊസ് എന്ന ദൈവഭക്തന്റെ വീട്ടിൽ ചെന്നു. പള്ളിപ്രമാണിയായ ക്രിസ്പൊസും കുടുംബവും രക്ഷിക്കപ്പെട്ടു. പൗലൊസ് അവനെ സ്നാനപ്പെടുത്തി (1 കൊരി. 1:14,15). യെഹൂദന്മാരുടെ എതിർപ്പു പൗലൊസിൽ നിരാശ ഉളവാക്കി. കർത്താവു ദർശനത്തിൽ വെളിപ്പെട്ടു പ്രവർത്തനം തുടരുവാൻ പ്രോത്സാഹിപ്പിച്ചു. പൗലൊസ് കൊരിന്തിൽ പതിനെട്ടു മാസം പ്രവർത്തനം തുടർന്നു. ഈ സന്ദർഭത്തിലത്രെ പൗലൊസ് 1 ഉം 2 ഉം തെസ്സലൊനീക്യർ ക്കുള്ള ലേഖനങ്ങൾ എഴുതിയത്.

(18:12-17) യെഹൂദന്മാർ അവരുടെ ഉപദ്രവം തുടർന്നുകൊണ്ടിരുന്നു. ഗല്ലിയോൻ ദേശാധിപതിയായിരിക്കുമ്പോൾ അവന്റെ ന്യായപീഠത്തിനു മുൻപിൽ പൗലൊസിനെ ഹാജരാക്കി. എന്നാൽ ദേശാധിപതി അവനെ ശിക്ഷിക്കുവാൻ വിസമ്മതിച്ചു. അപ്പോൾ യെഹൂദന്മാർ പള്ളിപ്രമാണിയായ സോസ്ഥനേസിനെ ന്യായാസനത്തിൽ കൊണ്ടുവന്ന് അടിച്ചു. സോസ്ഥനേസ് ക്രിസ്തുവിൽ വിശ്വസിക്കുവാൻ ഇതു കാരണമായി എന്നു കരുതുന്നു.

അങ്ങനെ കൊരിന്തിൽ ഒരു സഭ ഉണ്ടായി. പല പ്രശ്നങ്ങൾ നിറഞ്ഞ ഒരു സഭയായിരുന്നു ഇത്. കൃപാവരങ്ങൾക്കു കുറവില്ലായിരുന്നെങ്കിലും ജഡികമായ സഭാന്തരീക്ഷം അവിടെ ഉണ്ടായിരുന്നു. അതിന്റെ പരിഹാരാർത്ഥം പൗലൊസ് രണ്ടു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

(18:18-23) പൗലൊസ് ഈ ഘട്ടത്തിൽ നാസീർ വ്രതം എടുത്തിരുന്നു (സംഖ്യാ. 6:1-21). ഒരു യെഹൂദനായ പൗലൊസ് ന്യായപ്രമാണം അനുസരി ക്കുന്ന യെഹൂദന്മാരെ നേടേണ്ടതിന് ഈ വ്രതം എടുത്തു എന്നു മനസ്സിലാക്കാം (1 കൊരി. 9:20). കൊരിന്തിൽനിന്നു യാത്രതിരിച്ച പൗലൊസ് സിറിയ വഴി, എഫെസൊസ്, കൈസര്യ, യെരൂശലേം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് അന്ത്യൊക്യയിൽ മടങ്ങിയെത്തി. ദൈവഹിതപ്രകാരം സകലവും ചെയ്യുവാൻ പൗലൊസ് ആഗ്രഹിച്ചു. വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ലഭിച്ച അവസരങ്ങൾ വചനം പ്രഘോഷിക്കുകയും ചെയ്യുന്ന ഉത്തമ മിഷ്യനറിയെ പൗലൊസിൽ കാണാവുന്നതാണ്. വിശ്വാസികളോടു സഹകരിച്ചു പ്രവർത്തി ക്കുവാൻ പൗലൊസു മനസ്സുള്ളവൻ ആയിരുന്നു. ഏതു വിധേനയും ആത്മാക്കളെ നേടുവാൻ അവൻ ആഗ്രഹിച്ചു. ക്രിസ്തുവിനുവേണ്ടി നിന്ദയും ഉപദ്രവവും സഹിച്ചു. ആത്മാക്കൾ രക്ഷിക്കപ്പെടുക മാത്രം പോരാ ആത്മീയ മായി വളരുകയും വേണം എന്നുള്ള മാതൃക പൗലൊസിന്റെ പ്രവർത്തനങ്ങളിൽ കാണാം. അങ്ങനെ രണ്ടാം മിഷ്യനറിയാത്ര അവസാനിച്ചു.

പൗലൊസിന്റെ മൂന്നാം മിഷ്യനറിയാത്രയുടെ ചരിത്രം 18:23 മുതലുള്ള വാക്യങ്ങളിൽ കാണാം. ചില നാളുകൾ അന്ത്യൊക്യയിൽ വസിച്ചശേഷം ഗലാത്യ, ഫ്രുഗ്യ ദേശങ്ങൾ സന്ദർശിച്ചു വിശ്വാസികളെ ഉറപ്പിച്ചു. ഗലാത്യയിലുള്ള വിശ്വാസികൾ ഉപദേശത്തിൽ നിശ്ചയമുള്ളവർ ആകുവാൻ ഇതു സഹായിച്ചു.

(18:24-28) ഈ സന്ദർഭത്തിൽ അലക്സാണ്ടറിയക്കാരനായ അപ്പൊ ല്ലോസ് എഫെസൊസിൽ എത്തി. അവൻ തിരുവെഴുത്തിൽ പരിജ്ഞാനം നേടിയ വാഗ്മി ആയിരുന്നു. ആത്മാവിൽ എരിവുള്ളവനായി പള്ളികളിൽ പ്രാഗത്ഭ്യത്തോടെ അവൻ പ്രസംഗിച്ചു. എന്നാൽ എല്ലാ സത്യങ്ങളും അറിഞ്ഞിരുന്നില്ല. അക്വിലാസ്-പ്രിസ്ക്കില്ല ദമ്പതികൾ ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ അവരോഹണം തുടങ്ങിയ സത്യങ്ങൾ അവനു വിശദീകരിച്ചു കൊടുത്തു. അതു സ്വീകരിക്കു വാൻ അപ്പൊല്ലോസു വിനയമുള്ളവൻ ആയിരുന്നു. ആ നല്ല മാതൃക നമുക്കും അനുകരിക്കാം. അപ്പൊല്ലോസ് തുടർന്നു കൊരിന്തിലേക്കു പോയി. അവിടെയുള്ള വിശ്വാസികൾക്കു തന്റെ ശുശ്രൂഷ വളരെ പ്രയോജനം ഉളവാക്കി. യേശു തന്നെ ക്രിസ്തു എന്നു തെളിയിക്കുകയും ദുരുപദേശങ്ങളെ ഖണ്ഡിക്കുകയും ചെയ്തു. എങ്കിലും അപ്പൊല്ലോസിനോടു ചേർന്ന ചിലർ സഭയിൽ ഭിന്നത സൃഷ്ടിച്ചു (1 കൊരി. 1:10-12).

## അദ്ധ്യായം 19

(19:1-7) ദൈവഹിതപ്രകാരം പൗലൊസ് എഫെസൊസിലെത്തി (18:21). അവിടെ യോഹന്നാന്റെ സ്നാനം ഏറ്റ പന്ത്രണ്ടു ശിഷ്യന്മാരെ കണ്ടു. എഫെസൊസ് ആസ്യയുടെ തലസ്ഥാനമായിരുന്നു. പുരാതന ലോകത്തിലെ ഏഴ് അതിശയങ്ങളിൽ ഒന്നായ ഡയാനയുടെ ക്ഷേത്രം ഇവിടെ സ്ഥിതിചെയ്തിരുന്നു. അന്ധവിശ്വാസത്തിന്റെയും മന്ത്രവാദത്തിന്റെയും കേന്ദ്രമായിരുന്നു എഫെസൊസ്. ക്രിസ്തുവിൽ വിശ്വസിക്കുകയും അവന്റെ നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്യണം എന്നു പൗലൊസ് ഉപദേശിച്ചു. ശിഷ്യന്മാർ വിശ്വസിച്ച് സ്നാനം ഏറ്റു. പൗലൊസ് അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. ഇതു പരിശുദ്ധാത്മാവു യെഹൂദന്മാർക്കും ശമര്യർക്കും ജാതികൾക്കും നൽകപ്പെട്ടു എന്നതിന്റെ തെളിവാണ്. പത്രൊസിനേയും യോഹന്നാനേയും പോലെ പൗലൊസും ഒരു അപ്പൊസ്തലനാകുന്നു എന്ന് ഇവിടെ തെളിയുന്നു.

(19:8-20) പൗലൊസ്, പതിവുപോലെ സിനഗോഗിൽ ചെന്നു മൂന്നുമാസത്തോളം ദൈവരാജ്യത്തെക്കുറിച്ചു സംവാദിച്ചും സമ്മതിപ്പിച്ചും പോന്നു. എന്നാൽ ചിലർ വിശ്വസിക്കാതെ ദൈവവചനം ദുഷിച്ചപ്പോൾ ശിഷ്യന്മാരെ വേർതിരിച്ച് തുറന്നൊസിന്റെ പാഠശാലയിൽ നിത്യം പഠിപ്പിച്ചുപോന്നു. അതു രണ്ടു വർഷത്തോളം നടക്കുകയാൽ ആസ്യയിൽ എല്ലാവരും വചനം കേൾക്കുവാൻ ഇടയായി. കർത്താവു പ്രവർത്തിക്കുമ്പോൾ സാത്താനും പ്രവർത്തിച്ചുകൊണ്ടിരിക്കും. രോഗസൗഖ്യവും വീര്യപ്രവൃത്തികളും പൗലൊസു മുഖാന്തരം നടന്നു. ഈ ഘട്ടത്തിൽ സ്കേവാ എന്ന മഹാപുരോ ഹിതന്റെ പുത്രന്മാർ യേശുവിന്റെ നാമത്തിൽ ദുരാത്മാക്കളെ പുറത്താക്കുവാൻ തുടങ്ങി. എന്നാൽ അശുദ്ധാത്മാവ് അവരെ അനുസരിക്കാതെ അവരുടെ മേൽ ചാടിവീണു. അവർ നഗരും മുറിവേറ്റവരുമായി ഓടിപ്പോയി. ഇതു കേട്ടവർ അനുതപിച്ച് മന്ത്രങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ ചുട്ടുകരിച്ചു. അങ്ങനെ വചനം ശക്തിയോടെ പ്രചരിക്കുകയും ക്രിസ്തുവിന്റെ നാമം മഹത്വ പ്പെടുകയും ചെയ്തു. ദൈവമക്കൾ സാത്താന്യ സമ്പ്രദായങ്ങളിൽനിന്നും വേർപെട്ട് ദൈവമഹത്വത്തിനായി ജീവിക്കുന്നവർ ആകണം.

(19:21-41) പൗലൊസു മക്കെദോന്യ, അഖായ, യെരൂശലേം, റോമ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാൻ ആഗ്രഹിച്ചു. അക്കാലത്ത് കർത്താവിന്റെ മാർഗ്ഗത്തെച്ചൊല്ലി എഫെസൊസിൽ കലഹം ഉണ്ടായി. വിഗ്രഹനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നവരാണ് അതിനു നേതൃത്വം നൽകിയത്. രണ്ടുമണിനേരം വരെ 'അർത്തെമിസ് മഹാദേവി' എന്നു പറഞ്ഞുകൊണ്ടു ജനം ആർത്തുകൊണ്ടിരുന്നു. പൗലൊസ് ജനസമൂഹത്തിലേക്കു ചെല്ലുവാൻ ശിഷ്യന്മാർ അനുവദിച്ചില്ല. ഒടുവിൽ പട്ടണമേധാവി ബുദ്ധിപൂർവ്വമായി ഏർപ്പെട്ടു ജനത്തെ പിരിച്ചുവിട്ടു.

## അദ്ധ്യായം 20

(20:1-12) പൗലൊസ് എഫെസൊസിൽനിന്നും മക്കെദോന്യയിലും ത്രോവാസിലും എത്തി. സഹപ്രവർത്തകർ തനിക്കായി ത്രോവാസിൽ കാത്തിരുന്നു. ഞായറാഴ്ച ദിവസം അവർ അപ്പം നുറുക്കി കർത്താവിനെ ആരാധിക്കുവാൻ കൂടിവന്നു. ഇന്നും വിശ്വാസികൾ ഈ മാതൃക അനുകരിക്കുന്നു. കിളിവാതില്ക്കൽ ഇരുന്ന യൂത്തിക്കൊസ് വീണുമരിച്ചത് ഈ സന്ദർഭത്തിലാണ്. തെറ്റായ സ്ഥാനത്ത് ഇരിക്കുന്നവർക്കു വീഴ്ച സംഭവിക്കും. പൗലൊസ് യൂത്തിക്കൊസിനു ജീവൻ നൽകി. അവന്റെ പ്രസംഗം പുലർച്ചവരെ തുടർന്നു. അങ്ങനെ പൗലൊസിന്റെ അപ്പൊസ്തലത്വം തെളിയിക്കുകയും ദൈവജനം സന്തോഷിക്കുകയും ചെയ്തു.

(20:13-38) ഇവിടെനിന്നും പൗലൊസു മിലേത്തൊസിലേക്കു പോയി. അവിടെനിന്നും ആളയച്ച് എഫെസൊസു സഭയിലെ മൂപ്പന്മാരെ വരുത്തി. ഓരോ സഭയ്ക്കും മൂപ്പന്മാർ ആത്മീയ നേതൃത്വം നൽകണം. തുടർന്നു പൗലൊസിന്റെ വിടപറയലും മൂപ്പന്മാർക്കുള്ള ഉത്തരവാദിത്വങ്ങളും നൽകി. തന്റെ സേവനമാതൃക അനുകരിക്കുവാനുള്ള ആഹ്വാനം ഇവിടെ കാണാം. മനസ്സലിവ്, സഹാനുഭൂതി, സ്നേഹം, കണ്ണുനീർ, വിനയം, കർമ്മനിരത തുടങ്ങിയ സവിശേഷതകൾ പൗലൊസിൽ കാണാം. പൗലൊസ് ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും ക്രിസ്തുവിലുള്ള വിശ്വാസവും രക്ഷിക്കപ്പെടു വാൻ ആവശ്യമാണെന്ന് ഉപദേശിച്ചു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിക്കുവാനുള്ള മനസ്സും പൗലൊസിന്റെ ശുശ്രൂഷകളിൽ കാണാം. സമ്പൂർണ്ണസമർപ്പണത്തോടുകൂടെ സുവിശേഷ ത്തിനു സാക്ഷിനിന്നുകൊണ്ട് അവൻ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്യുന്നവൻ ആയിരുന്നു. ദൈവമക്കൾ ക്രിസ്തുവിന്റെ രക്ത ത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവർ ആണ്. അവരെ ദുരുപദേഷ്ടാക്കന്മാരിൽ നിന്നും പരിപാലിക്കേണ്ട ചുമതല മൂപ്പന്മാർക്കുള്ളതാണെന്നു പൗലൊസു മുന്നറിയിപ്പു നല്കി. അതിനായിട്ട് അവരെ ദൈവകൃപയിൽ ഭരമേല്പിച്ചുകൊണ്ട് തന്റെ നിസ്വാർത്ഥ സേവന മാതൃക അനുകരിക്കുവാൻ ആഹ്വാനം ചെയ്തു. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നുള്ള കർത്താവിന്റെ വാക്ക് അവരെ ഓർമ്മപ്പെടുത്തി. ഒടുവിൽ മൂപ്പന്മാരും പൗലൊസും ഒരുമിച്ചു പ്രാർത്ഥിച്ചു. അന്യോന്യം സ്നേഹചുംബനം ചെയ്തശേഷം അവർ യാത്ര പറഞ്ഞു.

പൗലൊസിന്റെ ജീവിതവും ശുശ്രൂഷകളും പ്രത്യേകം നമ്മെ ആകർഷിക്കേണ്ടതാണ്. അവൻ ദൈവവചനം മുഴുവനായി അറിയിച്ചു. പരിശുദ്ധാത്മ ശക്തിയിൽ ആത്മഭാരത്തോടുകൂടെ ദൈവകൃപയുടെ സുവിശേഷം പ്രസം

ഗിച്ചു. സ്വാർത്ഥതാല്പര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ വ്യാപ്തിക്കും ദൈവമക്കളുടെ ആത്മീയ വളർച്ചയ്ക്കുമായി നിരന്തരം പ്രവർ ത്തിച്ചു. ദൈവമക്കളെക്കുറിച്ചുള്ള ഭാരം പൗലൊസിൽ ഉണ്ടായിരുന്നു. ബല ഹീനരോടു സഹാനുഭൂതി കാണിക്കയും അവരുടെ ആവശ്യങ്ങൾക്കു സഹായിക്കുകയും ചെയ്തിരുന്നു. ഈ നല്ല മാതൃക അനുകരിക്കുവാൻ കർത്താവു നമ്മെയും സഹായിക്കട്ടെ.

## അദ്ധ്യായം 21

(21:1-17) പൗലൊസിന്റെ യെരൂശലേമിലേക്കുള്ള യാത്രയിൽ സോരിൽ വന്നിറങ്ങി. അവിടെ വിശ്വാസികൾ ഉണ്ടായിരുന്നു. പൗലൊസു യെരൂശലേമിൽ പോകരുതെന്നു പരിശുദ്ധാത്മാവു അവരിൽക്കൂടി മുന്നറിയിപ്പു നല്കി. എന്നാൽ പൗലൊസ് യെരൂശലേമിൽ പോകുവാൻ തന്നെ തീരുമാനിച്ചു. അവരോടു സുവിശേഷം അറിയിക്കുവാനുള്ള ആന്തരിക നിർബന്ധം ആയിരിക്കാം അതിനു തന്നെ പ്രേരിപ്പിച്ചത്. സോരിൽനിന്നും കപ്പൽ കയറി കൈസര്യയിൽ എത്തി. അവിടെ ഉണ്ടായിരുന്ന സുവിശേഷകനായ ഫിലിപ്പോസിനോടുകൂടെ പാർത്തു. തനിക്കു പ്രവാചകികളായ നാലു പുത്രിമാർ ഉണ്ടായിരുന്നു. അതു കർത്താവിനെ സേവിക്കുന്ന ഒരു മാതൃക കുടുംബം ആയിരുന്നു. കൈസര്യയിൽ വെച്ച് അഗബൊസ് എന്ന പ്രവാചകൻ പൗലൊസിനു യെരൂശലേമിൽ വെച്ചുണ്ടാകാൻ പോകുന്ന പീഡനങ്ങളെക്കുറിച്ചു മുന്നറിയിപ്പു നൽകി. അവിടെയുള്ള വിശ്വാസികളും യെരൂശലേമിൽ പോകരുതെന്നു നിർബന്ധിച്ചു. എന്നാൽ കർത്താവിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ പൗലൊസ് തീരുമാനിച്ചു. അങ്ങനെ പൗലൊസു യെരൂശലേമിൽ എത്തി. അവിടെയുള്ള വിശ്വാസികൾ തന്നെ സന്തോഷത്തോടെ സ്വീകരിച്ചു. ഇതോടുകൂടെ പൗലൊസിന്റെ മൂന്നാമത്തെ മിഷ്യനറിയാത്ര അവസാനിച്ചു.

(21:18-40) യെരൂശലേമിലെ സഭ പൗലൊസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു കേട്ടു ദൈവത്തെ സ്തുതിച്ചു. എന്നാൽ പൗലൊസു മോശെയുടെ ന്യായപ്രമാണത്തിന് എതിരായി ഉപദേശിച്ചു എന്നുള്ള കള്ളയാരോപണം ശരിയല്ല എന്നു തെളിയിക്കുവാൻ നാസീർ വ്രതം എടുക്കണം എന്നു മൂപ്പന്മാർ ആലോചന പറഞ്ഞു. അതിനു പൗലൊസു സമ്മതിച്ചു. എന്നാൽ അതു ചെയ്യുന്നതിനു മുൻപായി ആസ്യയിൽനിന്നു വന്ന യെഹൂദന്മാർ പൗലൊസിനെ ദൈവാലയത്തിൽ കണ്ടു. അവൻ ദൈവാലയം അശുദ്ധമാക്കി എന്ന് ആരോപണം ഉന്നയിച്ചുകൊണ്ടു പൗലൊസിനെ ഉപദ്രവിക്കുകയും വലിയ കലഹം സൃഷ്ടിക്കുകയും ചെയ്തു. അവനെ കൊല്ലുമെന്നു ഭയപ്പെട്ട റോമൻ പടയാളികൾ അവനെ രണ്ടു ചങ്ങലകളാൽ ബന്ധിച്ചു രക്ഷപ്പെടുത്തി. അപ്പോഴും ജനത്തോടു സുവിശേഷം അറിയിക്കുവാനുള്ള ആഗ്രഹം പൗലൊസിനുണ്ടായിരുന്നു. സഹസ്രാധിപൻ പൗലൊസു തർസൊസിൽനിന്നുള്ള യെഹൂദനായ ഒരു റോമാ പൗരനാണെന്നു മനസ്സിലാക്കിയപ്പോൾ പ്രസംഗിക്കുവാൻ അനുവദിച്ചു. പൗലൊസ് സുവിശേഷം എബ്രായ (അരാമ്യ) ഭാഷയിൽ ജനത്തെ അറിയിച്ചു. ജനം ശാന്തമായി അതു ശ്രദ്ധിച്ചു. പൗലൊസു സുവിശേഷം അറിയിക്കുന്നതിൽ നിർബന്ധമുള്ളവനായിരുന്നു. നമുക്കും ആ നല്ല മാതൃക അനുകരിക്കാം.

## അദ്ധ്യായം 22

(22:1-5) പൗലൊസ് തന്റെ സാക്ഷ്യം പറയുന്നതായി ഇവിടെ കാണാം. ജനത്തോടുള്ള സ്നേഹവും ബന്ധവും ആദ്യമായി താൻ വ്യക്തമാക്കി. തന്റെ യെഹൂദ പശ്ചാത്തലവും ന്യായപ്രമാണ തീക്ഷ്ണതയും ക്രിസ്തുവിരോധവും താൻ പ്രസ്താവിച്ചു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ സകല പരിശ്രമവും ചെയ്തിരുന്നവനാണ് പൗലൊസ്. രക്ഷിക്കപ്പെടുന്നതിനു മുൻപ് എല്ലാവരും ക്രിസ്തുവിരോധികളാണ്.

(22:6-30) പൗലൊസു രക്ഷിക്കപ്പെട്ട ചരിത്രം തുടർന്നു വിവരിച്ചിരിക്കുന്നു. യേശുവുമായുള്ള അഭിമുഖദർശനമാണ് അവനെ ക്രിസ്തുശിഷ്യനാക്കിയത്. നസറായനായ യേശുവിനെ രക്ഷിതാവും കർത്താവുമായി പൗലൊസു സ്വീകരിച്ചു. കർത്താവാണ് പൗലൊസിനെ വിളിക്കുന്നത്. ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് ഇന്നു നാം ബൈബിളിൽ കാണുന്നു. അതു നാം അറിയുമ്പോൾ പൗലൊസിനെപ്പോലെ ക്രിസ്തുവിൽ വിശ്വസിക്കണം. അപ്പോൾ നാം ദൈവമക്കൾ ആകും. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചതുകൊണ്ടോ, മതകർമ്മങ്ങൾ ചെയ്യുന്നതുകൊണ്ടോ ആരും രക്ഷിക്കപ്പെടുന്നില്ല (യോഹ. 1:12,13). ക്രിസ്തു ജീവിതത്തിൽ വരുമ്പോൾ മാത്രമേ നമ്മുടെ ആത്മീയ അന്ധത നീങ്ങുകയുള്ളൂ. രക്ഷിക്കപ്പെടുമ്പോൾ നമ്മുടെ ധൈര്യത്തിനും ആശ്വാസത്തിനും കർത്താവു തന്റെ ദാസന്മാരേയും തന്റെ വചനവും ഉപയോഗിക്കും. അനന്യാസിനെ പൗലൊസിന്റെ അടുക്കലേക്ക് അയയ്ക്കുന്നതിൽ ആ സത്യം തെളിഞ്ഞുകാണാം. രക്ഷിക്കപ്പെട്ടവർ ദൈവ ഹിതം അറിയണം. കർത്താവിന്റെ വചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി കാണുവാൻ കഴിയും. ആ ക്രിസ്തുവിനെ മറ്റുള്ളവരോടു സാക്ഷിക്കുവാൻ നമുക്കു കഴിയണം. പാപക്ഷമ ക്രിസ്തു നല്കുന്നു. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം സ്നാനത്തിൽക്കൂടി സാക്ഷിക്കുന്നു (റോമ. 6:3,4). ഈ അനുഭവങ്ങൾ പൗലൊസിനുണ്ടായിരുന്നു. ദമാസ്ക്കസിലുണ്ടായ പരിവർത്തനത്തിനു ശേഷം പൗലൊസു ചില ദിവസങ്ങൾ അവിടെ പാർത്തു. അവിടെയും ക്രിസ്തുവിനെ ധൈര്യത്തോടുകൂടി പ്രസംഗിച്ചു. എന്നാൽ യെഹൂദന്മാർ അവനെ കൊല്ലുവാൻ ശ്രമിച്ചതുകൊണ്ട് അവൻ യെരൂശലേമിലേക്കു പോയി. പൗലൊസിന്റെ പ്രസംഗം യെഹൂദന്മാർ സ്വീകരിച്ചില്ല. അവർ അവനെ കൊല്ലുവാൻ ശ്രമിച്ചു. ജനം മതഭ്രാന്തരായി. ഇതു കണ്ട സഹസ്രാധിപൻ പൗലൊസിനെ വാറുകൊണ്ടു

കെട്ടി കോട്ടയിലേക്കു കൊണ്ടുപോയി. താൻ ഒരു റോമൻ പൗരനാണെന്നു മനസ്സിലാക്കിയ സഹസ്രാധിപൻ പൗലൊസിനെ കെട്ടഴിച്ച് യെഹൂദന്മാരുടെ ആലോചനാസംഘത്തിന്റെ മുമ്പിൽ നിർത്തി. നമ്മുടെ യോഗ്യതകൾ സുവിശേഷത്തിന്റെ വ്യാപ്തിക്കും ക്രിസ്തുവിന്റെ മഹത്വത്തിനും പ്രയോജനമുള്ളതായി തീരണം.

### അദ്ധ്യായം 23

(23:1–5) പൗലൊസ് മതകോടതിയായ സന്നിദ്രിം സംഘത്തിന്റെ മുൻപാകെ തന്റെ നിരപരാധിത്വം പ്രസ്താവിച്ചു. അതുകേട്ട മഹാപുരോഹിത നായ അനന്യാസ് പൗലൊസിന്റെ മുഖത്ത് അടിക്കുവാൻ കല്പിച്ചു. ഇതു നിയമവിരുദ്ധമായ കല്പന ആകയാൽ മഹാപുരോഹിതനെ 'വെള്ളതേച്ച മതിലേ' എന്നു സംബോധന ചെയ്തു കൊണ്ട് പൗലൊസ് അവന്റെ കപടഭക്തിയെ ചൂണ്ടിക്കാണിച്ചു. തുടർന്നു പൗലൊസ് തന്റെ മാനുഷികമായ ബലഹീനത സമ്മതിച്ചുകൊണ്ടു തന്റെ ഖേദം പ്രകടിപ്പിച്ചു. കർത്താവിനെ അടിപ്പിച്ച മഹാപുരോഹിതനോടു സൗമ്യമായി ഏർപ്പെട്ടതു നമ്മുടെ മാതൃക ആയിരിക്കട്ടെ (യോഹ. 18:22,23).

(23:6–11) പൗലൊസിനു നീതി ലഭിക്കുകയില്ലെന്നു ബോദ്ധ്യമായിരുന്നതിനാൽ തന്റെ വിശ്വാസം പ്രസ്താവിക്കുവാൻ ധൈര്യപ്പെട്ടു. ആലോചന സംഘത്തിൽ ഉൾപ്പെട്ടിരുന്ന പരീശന്മാർ പൗലൊസിനെപ്പോലെ ദൂതന്മാരിലും പുനരുത്ഥാനത്തിലും വിശ്വസിക്കുന്നവർ ആയിരുന്നു. അതു വിശ്വസിക്കാത്ത സദൂക്യർ പരീശന്മാരുമായി തമ്മിൽ ഭിന്നത ഉണ്ടായി. ഈ സന്ദർഭത്തിൽ പൗലൊസിനുണ്ടാകാവുന്ന അപകടം മനസ്സിലാക്കിയ സഹസ്രാധിപൻ അവനെ രക്ഷപ്പെടുത്തുവാൻ കോട്ടയിലേക്കു കൊണ്ടുപോയി. അങ്ങനെ പൗലൊസു തടവുകാരനായി കോട്ടയിൽ കഴിയുമ്പോൾ കർത്താവ് അവനു രാത്രിയിൽ പ്രത്യക്ഷപ്പെട്ടു. മരണഭയത്തിൽ കഴിയുന്ന പൗലൊസിന് ആശ്വാസവും ധൈര്യവും നൽകുന്ന കർത്താവിനെ ഇവിടെ കാണാം. റോമിലും കർത്താവിന്റെ സാക്ഷി ആകണം എന്നുള്ള പൗലൊസിന്റെ ആഗ്രഹം നിവൃത്തിയാകും എന്നുള്ള ഉറപ്പ് അവനു ലഭിച്ചു. എല്ലാ സാഹചര്യങ്ങളിലും നമ്മോടുകൂടെ ഇരിക്കാമെന്നു വാഗ്ദത്തം ചെയ്ത കർത്താവു വിശ്വസ്തൻ ആകുന്നു.

(23:12–35) ഈ ഘട്ടത്തിൽ യെഹൂദന്മാർ പൗലൊസിനെ കൊലചെയ്യുവാൻ ഗൂഢാലോചന നടത്തി. ഇത് അറിഞ്ഞ സഹസ്രാധിപൻ പൗലൊസിനെ പട്ടാളത്തിന്റെ അകമ്പടിയോടെ കൈസര്യയിലേക്ക് അയച്ചു. ഇവിടെ തന്റെ ദാസന്മാർക്കു കർത്താവു നൽകുന്ന സംരക്ഷണവും നടത്തിപ്പും കാണാവുന്നതാണ്. തടവിനോ, മരണശിക്ഷയ്ക്കോ അർഹമായതൊന്നും പൗലൊസ് ചെയ്തിട്ടില്ലെന്നു സഹസ്രാധിപനു ബോദ്ധ്യമുണ്ടായിരുന്നു. ഈ സഹസ്രാധിപന്റെ പേര് ക്ലൗദ്യൊസ് ലുസിയാസ് എന്നായിരുന്നു. കൂടാതെ പൗലൊസ് ഒരു റോമൻ പൗരനാകുന്നു എന്നും അതുകൊണ്ടു റോമൻ ഗവർണ്ണറായ ഫേലിക്സിന്റെ കോടതിയിൽ പൗലൊസിനു ന്യായമായ വിധി ലഭിക്കും എന്നുള്ള തന്റെ വിശ്വാസം അറിയിക്കുന്ന കത്തും അവന് അയച്ചു. വാദികൾ വരുമ്പോൾ പൗലൊസിനെ വിസ്തരിക്കാം എന്നു പറഞ്ഞുകൊണ്ട് അവനെ കാക്കുവാൻ ഫേലിക്സ് കല്പിച്ചു. കർത്താവിനുവേണ്ടി ബഹുകഷ്ടം സഹിക്കുന്ന അപ്പൊസ്തലനെ നാം ഇവിടെ കാണുന്നു. ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എന്നും ഉപദ്രവം സഹിക്കേണ്ടതായി വരും (2 തിമൊ. 3:12). അതു നാം സന്തോഷത്തോടെ സഹിക്കുമെങ്കിൽ കർത്താവിനോടുകൂടെ വാഴും (2 തിമൊ. 2:11). നമ്മുടെ പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കുവാൻ കർത്താവിനു കഴിയും. ലോകം നമ്മെ വെറുത്താലും, ബന്ധുമിത്രാദികൾ നമ്മെ ഉപേക്ഷിച്ചാലും അന്ത്യത്തോളം കൈവിടാത്തവനാണ് നമ്മുടെ രക്ഷിതാവ്. അവന്റെ ആശ്വസിപ്പിക്കുന്ന തലോടൽ അനുഭവിക്കുന്നത് എത്ര ഭാഗ്യം.

### അദ്ധ്യായം 24

(24:1–23) ഇവിടെ കൈസര്യയിൽ ഗവർണ്ണർ ഫേലിക്സിന്റെ മുൻപാകെ പൗലൊസിനെതിരെ മഹാപുരോഹിതനായ അനന്യാസും കൂട്ടരും ആരോപണം ഉന്നയിക്കുന്നതായി കാണാം. തെർത്തുല്ലൊസ് ഗവർണ്ണറെ മുഖസ്തുതിയോടെയാണ് സംബോധന ചെയ്യുന്നത്. നാല് ആരോപണങ്ങൾ പൗലൊസി നെതിരെ ഉന്നയിച്ചു. പൗലൊസ് യെഹൂദന്മാരുടെ ഇടയിൽ കലഹം ഉണ്ടാക്കുന്നവനാണ്; നസറായ വിഭാഗത്തിന്റെ നേതാവാണ്; ദൈവാലയം അശുദ്ധമാക്കി; ഒരു ബാധയാണ്. പൗലൊസ് ഈ ആരോപണങ്ങൾ നിഷേധിച്ചു. യെരൂശലേമിൽ വെറും 12 ദിവസങ്ങൾ മാത്രമേ കഴിച്ചുള്ളൂ; ദൈവാലയം അശുദ്ധമാക്കിയില്ല; അവിടെ ആരാധിക്കുവാൻ വന്നവനാണ്; ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതു വിശ്വസിക്കുന്നു; നസറായമാർഗ്ഗം തിരുവെഴുത്തുകളുടെ നിവൃത്തിയാകുന്നു; ക്രിസ്തുമാർഗ്ഗം രക്ഷയുടെ ഏകമാർഗ്ഗം ആകുന്നു; ആസ്യയിൽനിന്നും വന്ന യെഹൂദന്മാരാണ് കലഹം ഉണ്ടാക്കിയത്; പുനരുത്ഥാനത്തിൽ വിശ്വസിച്ചതൊഴികെ ഒരു തെറ്റും ചെയ്തിട്ടില്ല; ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ നല്ല മനസ്സാക്ഷിയുണ്ട് എന്നിങ്ങനെ പൗലൊസ് ഫേലിക്സിന്റെ മുമ്പാകെ പ്രതിവാദം നടത്തി. ഫേലിക്സിനു പൗലൊസിന്റെ നിരപരാധിത്വം ബോദ്ധ്യമുണ്ടായിട്ടും ലുസിയാസ് സഹസ്രാധിപന്റെ വരവിനായി കേസു മാറ്റിവച്ചു. പൗലൊസിനെ തടവിൽ സൂക്ഷി ക്കാനും സ്നേഹിതന്മാർ തന്നെ വന്നു സഹായിക്കുവാനും ദയ കാണിക്കുവാനും കല്പിച്ചു. രണ്ടു വർഷം കൈസര്യയിൽ പൗലൊസു തടവുകാര നായി കഴിഞ്ഞു.

(24:24–27) ഫേലിക്സിനു ക്രിസ്തുമാർഗ്ഗത്തെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു. എന്നാൽ അവൻ കൈക്കൂലിപ്രിയനും അസാന്മാർഗ്ഗിയും ആയിരുന്നു. മൂന്നു ഭാര്യമാരെ വിവാഹം ചെയ്തു. ദ്രുസില്ലയെ അവൻ മോഹിച്ചു. വിവാഹിതയായിരുന്ന അവളെ തന്ത്രപരമായി വിവാഹം ചെയ്തു. കുറച്ചു നാളുകൾക്കുശേഷം ഫേലിക്സ് പൗലൊസിനെ വരുത്തി ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗം കേട്ടു. പൗലൊസ് കൈക്കൂലി തരും എന്ന ആഗ്രഹമാണ് ഇങ്ങനെ പ്രസംഗിക്കുവാൻ തന്നെ ക്ഷണിച്ചത്. പൗലൊസ് തന്റെ പ്രസംഗത്തിൽ നീതി, ഇന്ദ്രിയജയം, ന്യായവിധി എന്നീ വിഷയങ്ങൾ വിശദീകരിച്ചു. നാം ക്രിസ്തുവിനെ പ്രസംഗിക്കുമ്പോൾ അറിഞ്ഞി രിക്കേണ്ട ചില സത്യങ്ങൾ ഇവിടെ കാണാം. പൗലൊസ് സ്വന്തതാല്പര്യ ങ്ങൾക്കു പ്രാധാന്യം കൊടുത്തില്ല. അവൻ ദൈവത്തോടു ഭയഭക്തി ഉള്ളവനായിരുന്നു. ക്രിസ്തുവിനോടുള്ള അവന്റെ സ്നേഹം അതിനു നിർബന്ധിച്ചു. ക്രിസ്തുവിനെക്കുറിച്ചുള്ള വ്യക്തിപരമായ ബന്ധവും അറിവും അവനു പ്രസംഗിക്കുവാൻ ആവേശം നൽകി. താൻ ക്രിസ്തുവിന്റെ സ്ഥാനപതിയാണെന്നുള്ള ബോധത്തോടെ അവനെ സാക്ഷിച്ചു (2 കൊരി. 5:11,14,16,20). സുവി ശേഷം ദൈവശക്തിയുടെ വചനമായി ഘോഷിച്ചു. സ്വന്തകഴിവുകൾ പ്രകടിപ്പിക്കാതെ ക്രിസ്തുവിന്റെ ക്രൂശുമര ണവും പുനരുത്ഥാനവും ലളിതമായ നിലയിൽ പരിശുദ്ധാത്മശക്തിയിൽ അറിയിക്കുമ്പോൾ ആത്മാക്കൾ രക്ഷി ക്കപ്പെടുന്നു (1 കൊരി. 1:17,18; 2:1–5). പൗലൊസിന്റെ പ്രസംഗം മനുഷ്യരെ പ്രീതിപ്പെടുത്തുന്നതായിരുന്നില്ല. ദൈവ ത്തിന്റെ വിശുദ്ധിയും നീതിയും ചൂണ്ടിക്കാണിക്കുന്നതായിരുന്നു. അനീതിയിൽ രസിക്കുന്നവനല്ല ദൈവം. ദൈവമ ക്കൾ നീതിയുള്ള ജീവിതം നയിക്കണം. അവർ ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവർ ആകണം. മനുഷ്യർ ജഡത്തിന്റെ മോഹങ്ങൾക്ക് അടിമകൾ ആണ്. അവർ ദൈവഹിതം ചെയ്യുന്നവർ ആകണം. വരുവാൻ പോകുന്ന ന്യായവിധി പൗലൊസു ചൂണ്ടിക്കാണിച്ചു. ‘ദൈവം ഇന്നു നമ്മോടു ദയ കാണിക്കുന്നു. ഇതു കൃപയുടെ കാലമാ ണ്. ഇപ്പോൾ ആകുന്നു രക്ഷാദിവസം. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു നിശ്ചയിച്ചിരിക്കു ന്നു. ക്രിസ്തുവിൽ വിശ്വസിക്കാത്തവർ ന്യായം വിധിക്കപ്പെടും.’ ഫേലിക്സ് ഇതുകേട്ടു ഭയപരവശനായി. എന്നാൽ അവൻ ആ സുവിശേഷം വിശ്വസിച്ചില്ല. പൗലൊസിനോട്, ‘തൽക്കാലം പോകാം; അവസരമുള്ളപ്പോൾ പിന്നെയും വിളിക്കാം’ എന്നു പറഞ്ഞു തീരുമാനം മാറ്റിവച്ചു. പിന്നെ ഒരു അവസരം ഫേലിക്സിനു ലഭിച്ചതായി കാണുന്നില്ല. ഇന്നും ഫേലിക്സിനെ പ്പോലെ സ്വന്ത ആത്മാവിന്റെ രക്ഷയെ അവഗണിച്ചുകൊണ്ട് പണത്തിനും ഭോഗങ്ങൾക്കും മുൻഗണന നൽകുന്നവർ ധാരാളം ഉണ്ട്. നമുക്കു ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തരുത്. കർത്താവിനെ രക്ഷിതാവായി സ്വീകരിക്കാനും അവനെ ശുശ്രൂഷിക്കാനും നമ്മുടെ സമയവും കഴിവുകളും ഉപയോഗിക്കാം. ഫേലിക്സ് ഒടുവിൽ പൗലൊസിനെ തടവിൽ വിട്ടിട്ട് റോമിലേക്കു പോയി. അങ്ങനെ ചെയ്തത് യെഹൂദന്മാരെ പ്രീതിപ്പെടുത്തുവാനായിരുന്നു. ഫെസ്തൊസ് പുതിയ ഗവർണ്ണറായി ചുമതലയേറ്റു.

## അദ്ധ്യായം 25

(25:1–12) ഫെസ്തൊസ് അധികാരം ഏറ്റതിന്റെ മൂന്നാം ദിവസം യെരൂശലേമിലേക്കു പോയി. അവൻ നല്ല ഒരു ഭരണാധിപൻ ആയിരുന്നു. മഹാപുരോഹിതന്മാരും നേതാക്കളും പൗലൊസിനെതിരെയുള്ള ആരോപണം ഉന്നയി ച്ചു. അങ്ങനെ യെരൂശലേമിൽ കൊണ്ടുവന്നു ന്യായവിസ്താരം ചെയ്യണം എന്ന് ആവശ്യപ്പെട്ടു. പൗലൊസിനെ എങ്ങനെയെങ്കിലും കൊല്ലണം എന്ന് അവർ നിർണ്ണയം എടുത്തിരുന്നു. പൗലൊസ് യെഹൂദന്മാരുടെ ആരോപണ ങ്ങൾ നിഷേധിക്കുകയും നീതിക്കുവേണ്ടി കൈസറെ അഭയം ചൊല്ലുകയും ചെയ്തു.

(25:13–27) ഈ സന്ദർഭത്തിൽ അഗ്രിപ്പാരാജാവും ബെർന്നീക്കയും കൈസര്യയിൽ പുതിയ ഗവർണ്ണറെ അഭി വാദ്യം ചെയ്യുവാൻ വന്നു. ഫെസ്തൊസ് പൗലൊസിന്റെ സംഗതി അഗ്രിപ്പാരാജാവിനോടു പറഞ്ഞു. പൗലൊ സിന്റെ വാദം കേൾക്കുവാൻ തനിക്കു താല്പര്യമുണ്ടെന്നു അഗ്രിപ്പാവു പറഞ്ഞു. പിറ്റന്നാൾ വളരെ ആഡംബര ത്തോടെ അഗ്രിപ്പാരാജാവ് ബെർന്നീക്കയുമായി വന്നു; സഹസ്രാധിപതികളും നഗരത്തിലെ പ്രധാനി കളും വിചാ രണമണ്ഡപത്തിൽ വന്നു. പൗലൊസിനെ കേൾക്കുവാൻ വലിയ ജനക്കൂട്ടം ഒന്നിച്ചുകൂടി. അപ്പോൾ പൗലൊസി നെതിരെ മരണയോഗ്യമായ കുറ്റം ഒന്നും കാണുന്നില്ല എന്നു പറഞ്ഞു. എന്നാൽ അവനെ റോമിലുള്ള ചക്ര വർത്തിയുടെ അടുക്കൽ അയയ്ക്കുമ്പോൾ കുറ്റം കാണിക്കാതിരിക്കുന്നതു യുക്തമല്ല എന്നു പറഞ്ഞു.

## അദ്ധ്യായം 26

(26:1–23) ഈ അദ്ധ്യായത്തിൽ പൗലൊസ് അഗ്രിപ്പാവിന്റെ മുമ്പിൽ കഴിക്കുന്ന പ്രതിവാദവും അഗ്രിപ്പാവിന്റെ വിധിയുമാണ് കാണുന്നത്. ക്രിസ്തുവിനെ പ്രസംഗിക്കുവാൻ പൗലൊസ് ഈ അവസരം പ്രയോജനപ്പെടുത്തി. പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല സത്യങ്ങളും ഇവിടെ കാണാം. അവൻ ബഹുമാനപുരസരം ജനത്തെ അഭി സംബോധന ചെയ്തു. തന്റെ പഴയ ജീവിതം, മതതീക്ഷ്ണത, മാനസാന്തരം, സുവിശേഷം ജാതികളുടെ ഇട യിൽ അറിയിക്കുവാനുള്ള നിയോഗം, അത് അനുസരിക്കുന്നത്, തന്റെ അറസ്റ്റ്, യെഹൂദന്മാർ കൊല്ലുവാൻ ശ്രമിച്ച ത്, ദൈവത്തിന്റെ അത്ഭുതകരമായ വിടു തൽ എന്നീ കാര്യങ്ങൾ ശക്തിയോടെ പ്രസംഗിച്ചു. മോശെയും പ്രവാച കന്മാരും പ്രവചിച്ചതു ക്രിസ്തുവിനെക്കുറിച്ചാണ്. അവൻ കഷ്ടമനുഭവിക്കയും ഉയിർത്തെഴുന്നേൽക്കയും ചെയ്തു. ഈ ക്രിസ്തു മുഖാന്തരം യെഹൂദനും പുറജാതിക്കും രക്ഷ വന്നിരിക്കുന്നു. അതിന്റെ സാക്ഷിമാത്രമാകുന്നു താൻ എന്നു പൗലൊസു പ്രസ്താവിച്ചു. വിഷയങ്ങൾ ക്രമമായി അവതരിപ്പിക്കുന്ന നല്ല മാതൃക അനുകരണീയമത്രെ.

(26:24-32) പൗലൊസിന്റെ പ്രസംഗം കേട്ട ഫെസ്തൊസ്, 'അവനു ഭ്രാന്തുണ്ട്' എന്നു വിളിച്ചുപറഞ്ഞു. ഫെസ്തൊസിനു പുനരുത്ഥാനം തുടങ്ങിയ യെഹൂദവിശ്വാസങ്ങൾ അജ്ഞാതമായിരുന്നു. പൗലൊസ് ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തെക്കുറിച്ച് പ്രാഗല്ഭ്യത്തോടെ സംസാരിച്ചു. ക്രിസ്തുവിനെക്കുറിച്ചു പഴയനിയമ പ്രവചനങ്ങൾ പറയുന്നതു വിശ്വസിക്കുവാൻ താൻ അഗ്രിപ്പാവിനെ ആഹ്വാനം ചെയ്തു. അതിനു മറുപടി നൽകുന്നതിൽനിന്നും അവൻ ഒഴിഞ്ഞുമാറി. ലോകദൃഷ്ടിയിൽ നിന്ദിതനാകുവാൻ അവൻ വിസമ്മതിച്ചു. യെഹൂദന്മാരുടെ പ്രീതി അവൻ ആഗ്രഹിച്ചു. ഫേലിക്സിനെപ്പോലെ അഗ്രിപ്പാവും രക്ഷിക്കപ്പെടുവാനുള്ള അവസരം നഷ്ടപ്പെടുത്തി. അഗ്രിപ്പാവു പൗലൊസു നിരപരാധിയാണെന്നു പ്രഖ്യാപിച്ചു. കൈസറെ അഭയം ചൊല്ലിയതുകൊണ്ടു പൗലൊസിനെ സ്വതന്ത്രനാക്കുവാൻ കഴിഞ്ഞില്ല. പൗലൊസിന്റെ പ്രസംഗം മറ്റുള്ളവരെ തീരുമാനത്തിലേക്ക് ആഹ്വാനം ചെയ്യുന്നതായിരുന്നു. പരിശുദ്ധാത്മ ശക്തിയിൽ തിരുവചനം ക്രമമായി അറിയിക്കുന്ന മാതൃക നമുക്കും അനുകരിക്കാം.

## അദ്ധ്യായം 27

(27:1-44) പൗലൊസിന്റെ റോമിലേക്കുള്ള യാത്രയാണ് അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ കാണുന്നത്. ശതാധിപനായ യൂലിയൊസിന്റെ നേതൃത്വത്തിലാണ് ഈ കപ്പൽയാത്ര ആരംഭിച്ചത്. പൗലൊസിനോടു ദയ കാണിക്കുവാൻ ദൈവം ശതാധിപന്റെ ഹൃദയത്തിൽ പ്രവർത്തിച്ചു. വഴിമദ്ധ്യേ ദൈവമക്കളെ കാണുവാനും സൽക്കാരം സ്വീകരിപ്പാനും പൗലൊസിനെ അനുവദിച്ചു. യാത്ര പ്രയാസമുള്ളതായിരുന്നു. ആ പ്രയാസങ്ങളെ മറ്റുള്ളവരുടെ അനുഗ്രഹത്തിന് അവസരങ്ങളാക്കി ദൈവം തീർത്തു. അന്ന് കാറ്റിനെ ആശ്രയിച്ച് ഓടുന്ന യാത്രക്കപ്പലുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കപ്പൽ കൊടുങ്കാറ്റിൽ അകപ്പെട്ടു. യാത്ര തുടരുന്നത് അപകടപൂർണ്ണമാണെന്നു പൗലൊസ് ശതാധിപനോടു പറഞ്ഞു. എന്നാൽ ശതാധിപൻ കപ്പിത്താന്റെ വാക്കുകൾ ക്കു മുൻഗണന നൽകി. പെട്ടെന്ന് ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് ആഞ്ഞടിച്ചു. രക്ഷപ്പെടുവാൻ ചരക്കുകൾ കടലിൽ എറിഞ്ഞു. ദിവസങ്ങൾ സൂര്യനെ കാണാതെ കഴിച്ചു. ആശയെല്ലാം അസ്തമിച്ചുകഴിഞ്ഞ ദിവസങ്ങൾ ആയിരുന്നു അത്.

കടൽക്ഷോഭം മൂലം കപ്പലിലുള്ളവർ പട്ടിണികിടക്കുകയായിരുന്നു. അവരെ പൗലൊസു ധൈര്യപ്പെടുത്തി. ദൈവത്തിന്റെ ദൂതൻ പൗലൊസിനു പ്രത്യക്ഷപ്പെട്ടു നൽകിയ സന്ദേശം അവരെ അറിയിച്ചു. 'ഭയപ്പെടേണ്ടാ, ആർക്കും ജീവഹാനി ഉണ്ടാകയില്ല. എന്റെ ദൈവം സകലത്തിന്റേയും ഉടയവനാണ്. അവന് അസാദ്ധ്യമായിട്ടൊന്നും ഇല്ല. എന്നെ റോമിലും ക്രിസ്തുവിന്റെ സാക്ഷി ആകുവാൻ നിയോഗിച്ചിരിക്കുന്നു. ഈ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.' ദൈവമക്കൾ മറ്റുള്ളവർക്ക് അനുഗ്രഹവും ആശ്വാസവും ആകുവാൻ ദൈവം ആഗ്രഹിക്കുന്നു. പതിന്നാലു രാത്രികൾ അങ്ങനെ കഴിഞ്ഞു. കപ്പൽ അജ്ഞാതമായ ഏതോ തീരത്തു അടുക്കുന്നതായി അവർക്കു തോന്നി. കപ്പൽക്കാർ തോണി ഇറക്കി എങ്ങനെയെങ്കിലും രക്ഷപ്പെടുവാൻ ശ്രമിച്ചു. പൗലൊസ് അവരുടെ രക്ഷയെ കരുതി അതു വിലക്കി. മനുഷ്യൻ എന്നും സ്വാർത്ഥതാല്പര്യം മാത്രം അന്വേഷിക്കുന്നവനാണ്. ദൈവമക്കൾ മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്നു.

പൗലൊസിന്റെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായിരുന്നു. കപ്പൽ തീരം ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ കപ്പൽ മണൽത്തിട്ടയിൽ തട്ടി കരയിൽ ഉറച്ചു. തിരമാലകൾ അടിച്ചു കപ്പൽ തകർന്നുപോയി. തടവുകാർ രക്ഷപ്പെടുന്നതു കുറ്റകരമാകയാൽ അവരെ കൊല്ലുവാൻ പടയാളികൾ ആലോചിച്ചു. പൗലൊസിനെ രക്ഷിക്കണമെന്നാഗ്രഹിച്ച ശതാധിപൻ അത് അനുവദിച്ചില്ല. ചിലർ നീന്തിയും മറ്റുചിലർ പലകകളിൽ പിടിച്ചും രക്ഷപ്പെട്ടു. ദൈവം തന്റെ വാഗ്ദത്തങ്ങൾ നിർവ്വഹിക്കുവാൻ ശക്തിയുള്ളവനാണ്. അവൻ തന്റെ ദാസന്മാരെ പരിപാലിക്കുകയും തിരുനാമമഹത്വത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. അതിനെ തടസ്സപ്പെടുത്തുവാൻ ഒരു ശക്തിക്കും കഴിയുന്നതല്ല.

## അദ്ധ്യായം 28

(28:1-6) കപ്പൽ നശിച്ചുപോയെങ്കിലും എല്ലാവരും സുരക്ഷിതരായി കരയിൽ എത്തി. 276 പേർ കപ്പലിൽ ഉണ്ടായിരുന്നു. ദ്വീപിന്റെ പേര് മാൾട്ടാ എന്ന് അവർ ഗ്രഹിച്ചു. ഗ്രീക്കോ, ലാറ്റിനോ സംസാരിക്കാത്തതുകൊണ്ട് അവരെ ബർബ്ബരന്മാർ എന്നു മറ്റുള്ളവർ വിളിച്ചിരുന്നു. എന്നാൽ അവർ ഭയമുള്ളവരും കപ്പലിലുണ്ടായിരുന്നവരെ സഹായിക്കുന്നവരും ആയിരുന്നു. തണുപ്പുകാലമാകയാൽ അവരെ തീ കൂട്ടി സ്വാഗതം ചെയ്തു. പൗലൊസു വിറകുപെറുക്കി തീയിലിട്ടപ്പോൾ ഒരു അണലി പൗലൊസിന്റെ കയ്യിൽ ചുറ്റി. ഇതു കണ്ട നാട്ടുകാർ പൗലൊസ് ഒരു കൊലപാതകൻ തന്നെ എന്നു പറഞ്ഞു. പൗലൊസ് പാമ്പിനെ കുടഞ്ഞുകളഞ്ഞു. അവന് അത്യാഹിതം ഒന്നും സംഭവിച്ചില്ല. ഇതു കണ്ട നാട്ടുകാരുടെ മനസ്സുമാറി. പൗലൊസ് ഒരു ദേവനാണ് എന്നു പറഞ്ഞു. അവർ അന്ധവിശ്വാസങ്ങൾക്ക് അടിമകളായി രുന്നു. വിഷപ്പാമ്പ് സാത്താനെ കാണിക്കുന്നു. പൗലൊസ് റോമിൽ ക്രിസ്തുവിന്റെ സാക്ഷി ആകാതിരിക്കാൻ സാത്താൻ പല ശ്രമങ്ങൾ ചെയ്തു. യെഹൂദ ന്മാർ കൊല്ലുവാൻ ശ്രമിച്ചു. കപ്പൽച്ചേതത്തിൽ മരിക്കും എന്നു കരുതി. തടവുകാരുടെ കൂട്ടത്തിൽ കൊല്ലപ്പെടും എന്നു വിചാരിച്ചു. ഒടുവിൽ അണലി കടിച്ചു മരിക്കും എന്നു കരുതി. ദൈവഹിതം തടയുവാൻ ഇതിനൊന്നും സാധിക്കുന്നതല്ല എന്ന സത്യം ഇവിടെ തെളിയുന്നു.

(28:7-10) ദ്വീപുപ്രമാണിയുടെ അപ്പൻ പനിപിടിച്ചു കിടപ്പായിരുന്നു. പൗലൊസിനെ ആദരവോടെ സ്വീകരിച്ച് അതിഥിസൽക്കാരം കാണിച്ച പ്രമാണിയുടെ അപ്പനെ പൗലൊസു സൗഖ്യമാക്കി. ഈ വാർത്ത ദ്വീപിലെങ്ങും പ്രചരിച്ചു. അനേകം രോഗികൾ വന്നു സൗഖ്യം പ്രാപിച്ചു. ഇന്നും സുവിശേഷം കേൾക്കാത്ത ജാതികളുടെ ഇട യിൽ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. അതു മുഖാന്തരം ക്രിസ്തുവിൽ വിശ്വസിച്ച് പാപികൾ രക്ഷിക്കപ്പെടു വാൻ ഇടയാകും. മൂന്നു മാസം അവർ മാൾട്ടാ ദ്വീപിൽ കഴിച്ചു. ജനത്തിന്റെ പ്രീതി അവർക്കു ലഭിച്ചു. കപ്പൽ കയ റുമ്പോൾ ആവശ്യമുള്ളതെല്ലാം കൊടുക്കുവാൻ അവർ മനസ്സുള്ളവരായിരുന്നു. സുവിശേഷം ശക്തിയുള്ളതാകുന്നു; നരഭോജികളെ നരസ്നേഹികൾ ആക്കുവാൻ അതിനു കഴിയും. അത് അറിയിക്കുന്നവർ എന്നും ആദരിക്കപ്പെടും. പൗലൊസിന്റെ ജീവിതം അതിനു തെളിവാകുന്നു.

(28:11-15) മാൾട്ടാ ദ്വീപിൽനിന്നും യാത്രതിരിച്ച് പുത്യൊലി എന്ന തുറമുഖത്തെത്തി. പൗലൊസും കൂട്ടരും അവിടെയുള്ള വിശ്വാസികളോടുകൂടെ ഏഴു ദിവസം കഴിച്ചു. എവിടെയും ദൈവമക്കളുമായി ബന്ധപ്പെടുവാൻ പൗലൊസ് ശ്രമിച്ചിരുന്നു. ദൈവമക്കൾ അന്യോന്യം ശുശ്രൂഷിക്കുന്നവർ ആയിരിക്കണം. ഒടുവിൽ പൗലൊസും കൂട്ടരും റോമിൽ എത്തി. സഹോദരന്മാർ ചങ്ങല ധരിച്ചു വരുന്ന പൗലൊസിനെ എതിരേറ്റു ചെന്നു സ്വീകരിച്ചു. പൗലൊസിനോട് അവർക്കുള്ള സ്നേഹവും ബഹുമാനവും ഇവിടെ വ്യക്തമാകുന്നു. പൗലൊസ് ഇതു കണ്ടു സന്തോഷിച്ചു ദൈവത്തെ സ്തുതിക്കുകയും ധൈര്യം പ്രാപിക്കുകയും ചെയ്തു. അങ്ങനെ റോമിലും ക്രിസ്തു വിന്റെ സാക്ഷി ആകുവാൻ പൗലൊസ് ആവേശമുള്ളവനായി തീർന്നു.

(28:16-30) റോമിൽ എത്തിയ പൗലൊസിനു വാടക വീട്ടിൽ കാവൽ പടയാളിയോടുകൂടെ താമസിക്കുവാൻ അനുവാദം ലഭിച്ചു. ലൂക്കൊസും അരിസ്തർഹൊസും അവനെ ശുശ്രൂഷിക്കുവാൻ കൂടെ താമസിച്ചിരുന്നിരിക്കാം. ആദ്യമായി പൗലൊസ് യെഹൂദന്മാരെ വിളിച്ച് താൻ തടവുകാരനായി റോമിൽ എത്തിയതിന്റെ കാരണം വിശദീക രിച്ചു. യിസ്രായേലിന്റെ പ്രത്യാശയായ ക്രിസ്തു നിമിത്തമാണ് പൗലൊസ് തടവുകാരനായത്. അവർ രാവിലെ മുതൽ സന്ധ്യവരെ പഴയനിയമത്തിൽനിന്നും ക്രിസ്തുവിനെക്കുറിച്ച് കേട്ടു. ചിലർ വിശ്വസിച്ചു; ചിലർ വിശ്വസിച്ചി ല്ല. അവർ തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായി. പൗലൊസ് യെശയ്യാവിന്റെ പ്രവചനത്തിൽനിന്നും ഉദ്ധരിച്ചുകൊണ്ട് അവരുടെ ഹൃദയകാഠിന്യം വ്യക്തമാക്കി. അവർ തള്ളിക്കളഞ്ഞ ഈ സുവിശേഷം ജാതികൾ കേൾക്കും എന്ന് അവരെ ഓർമ്മിപ്പിച്ചു. പൗലൊസ് വാടക വീട്ടിൽ രണ്ടു സംവത്സരം പാർത്തു. തന്നെ സന്ദർശിക്കുന്നവരോട് സുവിശേഷം അറിയിക്കുവാൻ സ്വാതന്ത്ര്യം തനിക്കുണ്ടായിരുന്നു. ദൈവരാജ്യം നിർവിഘ്നം പ്രസംഗിക്കുവാൻ ഈ അവസരം പ്രയോജനപ്പെടുത്തി. യെരൂശലേമിൽ ആരംഭിച്ച സുവിശേഷപ്രസംഗം അങ്ങനെ ലോകത്തിന്റെ തലസ്ഥാനമായ റോമിൽ എത്തി. ആ സുവിശേഷം ഭൂലോകം ഒക്കെയും ഇന്ന് അറിയിച്ചു കൊണ്ടിരിക്കുന്നു. കാരാ ഗൃഹലേഖനങ്ങളായ എഫെസ്യർ, കൊലൊസ്യർ, ഫിലിപ്പ്യർ, ഫിലേമോൻ എന്നീ ലേഖനങ്ങൾ പൗലൊസ് ഈ ഘട്ടത്തിൽ എഴുതി. രണ്ടു വർഷങ്ങൾക്കുശേഷം പൗലൊസ് സ്വതന്ത്രനായി എന്നു കരുതുന്നു. തുടർന്നു സ്പെയിൻ വരെ പോയി സുവിശേഷത്തിനു സാക്ഷിയായി. അതിനുശേഷം വീണ്ടും തടവിലായി. അപ്പോൾ എഴുതിയ അന്ത്യ ലേഖന മാണ് തിമൊഥെയൊസിനുള്ള രണ്ടാം ലേഖനം. അധികം താമസിയാതെ എ.ഡി. 67 ൽ റോമിൽ വച്ചു പൗലൊസ് രക്തസാക്ഷിമരണം വരിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. പൗലൊസിനെപ്പോലെ സുവിശേഷം സധൈര്യം ഘോഷിക്കുന്നവർ ആകുവാൻ നമുക്കും ഇടയാകട്ടെ.

***